©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി
## (2023-2026)

**ഇരുപത്തിമൂന്നാമത് റിപ്പോർട്ട്**

(2024 ജനുവരി 30-ാം തീയതി സമർപ്പിച്ചത്)

**2019-ലെ കേരള കർഷകക്ഷേമനിധി ആക്റ്റ് (2019-ലെ 26-ാം ആക്റ്റ്)-ൻ കീഴിൽ പുറപ്പെടുവിച്ച 273/2021 (2021-ലെ കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ), 88/2022, 708/2020, 294/2022 എന്നീ എസ് ആർ.ഒ. -കളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

# പതിനഞ്ചാം കേരള നിയമസഭ

## സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി

## (2023-2026)

### ഇരുപത്തിമൂന്നാമത് റിപ്പോർട്ട്

(2024 ജനുവരി 30-ാം തീയതി സമർപ്പിച്ചത്)

**2019-ലെ കേരള കർഷകക്ഷേമനിധി ആക്റ്റ് (2019-ലെ 26-ാം ആക്റ്റ്)-ൻ കീഴിൽ പുറപ്പെടുവിച്ച 273/2021 (2021-ലെ കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ), 88/2022, 708/2020, 294/2022 എന്നീ എസ് ആർ.ഒ. -കളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ട്**

170/2024.

<u>ഉള്ളടക്കം</u>


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | - | v |
| അവതാരിക | - | vii |
| റിപ്പോർട്ട് | - | 1 |
| അനുബന്ധം I (എസ്.ആർ.ഒ. നമ്പർ 273/2021) | - | 24 |
| അനുബന്ധം II (എസ്.ആർ.ഒ. നമ്പർ 88/2022) | - | 60 |
| അനുബന്ധം III (എസ്.ആർ.ഒ. നമ്പർ 708/2020) | - | 62 |
| അനുബന്ധം IV (എസ്.ആർ.ഒ. നമ്പർ 294/2022) | - | 65 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2023-2026)

**ഘടന**

<u>ചെയർമാൻ</u> :

ശ്രീ. എം.എം. മണി. എം.എൽ.എ.

<u>അംഗങ്ങൾ</u> :

ശ്രീ. കെ.യു. ജനീഷ് കുമാർ,എം.എൽ.എ.

ശ്രീ. യു.എ. ലത്തീഫ്,എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ,എം.എൽ.എ.

ശ്രീ. എം. മുകേഷ്,എം.എൽ.എ.

ശ്രീ. സി.സി. മുകുന്ദൻ,എം.എൽ.എ.

ശ്രീ. വി.കെ. പ്രശാന്ത്,എം.എൽ.എ.

ശ്രീ. സജീവ് ജോസഫ്,എം.എൽ.എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. ഷാജി സി. ബേബി (സെക്രട്ടറി-ഇൻ-ചാർജ്ജ്)

ശ്രീമതി ദീപ വി., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അജിത് കുമാർ വി.ഒ., അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി (2023-2026)-യുടെ ചെയർമാനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ ഇരുപത്തിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

**2019-ലെ കേരള കർഷക ക്ഷേമനിധി ആക്ടിന്‍ കീഴിൽ പുറപ്പെടുവിച്ച 273/2021 (2021-ലെ കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ), 88/2022, 708/2020, 294/2022 എന്നീ നമ്പർ എസ്.ആർ.ഒ.-കൾ** സമിതിയുടെ 25-05-2023-ലെ യോഗത്തിൽ സൂക്ഷ്മ പരിശോധന നടത്തുകയും കൃഷി, നിയമം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു.

ഈ വിഷയത്തിൽ സമിതി നടത്തിയ ചർച്ചകളുടെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ ചട്ടങ്ങളിൽ വരുത്തേണ്ട ഭേദഗതികൾ സംബന്ധിച്ച നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2023 ഡിസംബർ 20-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**എം. എം. മണി,**
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.*

തിരുവനന്തപുരം,
2024 ജനുവരി 30.

# റിപ്പോർട്ട്

[2019-ലെ കേരള കർഷക ക്ഷേമനിധി ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.-കളുടെ പരിശോധന സംബന്ധിച്ച് ]

കേരള സംസ്ഥാനത്ത് കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമത്തിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനും യുവതലമുറയെ കാർഷിക വൃത്തിയിലേക്ക് ആകർഷിക്കുന്നതിനും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനായി 2019-ലെ കേരള കർഷക ക്ഷേമനിധി ആക്റ്റ് (2019-ലെ 26) 19-12-2019-ൽ നിലവിൽ വന്നു. പ്രസ്തുത ആക്റ്റിലെ 28-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 26-02-2021-ലെ എസ്.ആർ.ഒ. നമ്പർ 273/2021 ആയി പുറപ്പെടുവിച്ചതാണ് 2021-ലെ കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 273/2021 - അനുബന്ധം I).

2. 2019-ലെ കേരള കർഷക ക്ഷേമനിധി ആക്റ്റിൻ (2019-ലെ 26) കീഴിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 273/2021 (2021-ലെ കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ), 88/2022, 708/2020, 294/2022 എന്നിവ സമിതി സൂക്ഷ്മപരിശോധന നടത്തുകയുണ്ടായി. 25-05-2023-ൽ സമിതി യോഗം ചേർന്ന് കൃഷി, നിയമം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും മേൽ പരാമർശിച്ച എസ്.ആർ. ഒ.- കളിന്മേൽ തെളിവെടുപ്പ് നടത്തുകയുണ്ടായി.

## 2021-ലെ കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ

## (എസ്.ആർ.ഒ. നമ്പർ 273/2021)

***

3. 2019-ലെ കേരള കർഷക ക്ഷേമനിധി ആക്റ്റ് (2019-ലെ 26) പ്രകാരം ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുൻപാകെ അത് ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതാണെന്ന് ആക്റ്റിലെ വകുപ്പ് 28(2)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. അങ്ങനെ വയ്ക്കുമ്പോളാണ് ആ ചട്ടങ്ങളിൽ ഭേദഗതി ചെയ്യുന്നതിനോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്നോ തീരുമാനിക്കുന്നതിന് നിയമസഭയ്ക്ക് അവസരം ലഭിക്കുന്നതെന്ന് സമിതി വിലയിരുത്തുന്നു. എന്നാൽ, 26-2-2021-ന് ഗസറ്റിൽ പ്രസിദ്ധീകരിച്ച 2021-ലെ കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ രണ്ട് വർഷം കഴിഞ്ഞിട്ടും സഭയിൽ വയ്ച്ചിട്ടില്ലെന്ന് സമിതി കണ്ടെത്തി. ആക്റ്റിലെ വകുപ്പ് 28(2)-ലെ വ്യവസ്ഥ പ്രകാരം പ്രസ്തുത ചട്ടങ്ങൾ സഭയിൽ വയ്ക്കാത്തതിനാൽ ഈ ചട്ടങ്ങളെ കുറിച്ച് ആധികാരികമായി മനസ്സിലാക്കുന്നതിനും അതിനെപ്പറ്റി ചർച്ച ചെയ്യുന്നതിനും സഭയ്ക്ക് സാധിച്ചിട്ടില്ലെന്ന് വിലയിരുത്തുകയും

യഥാസമയം ചട്ടങ്ങൾ സഭയിൽ വയ്ക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. അതിനാൽ, 2021-ലെ കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ അടിന്തരമായി സഭയിൽ വയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ച സംഭവിക്കാതിരിക്കാൻ ജാഗ്രത പാലിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

4. കർഷകരുടെ ക്ഷേമത്തിനായി ഈ ആക്റ്റിൻ കീഴിൽ ഒരു നിധി രൂപീകരിക്കുന്നതിലേക്ക്, ഗസറ്റ് വിജ്ഞാപനം വഴി, 'കേരള കർഷക ക്ഷേമനിധി പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി സർക്കാർ ആവിഷ്കരിക്കേണ്ടതും കഴിയുന്നത്ര വേഗം ഈ ആക്റ്റിലേയും പദ്ധതിലേയും വ്യവസ്ഥകളനുസരിച്ച് വിജ്ഞാപനം വഴി സർക്കാർ ഒരു നിധി രൂപീകരിക്കേണ്ടതുമാണെന്ന് 3(1)-ാം വകുപ്പിലും പതിനെട്ട് വയസ്സ് പൂർത്തിയായ ഏതൊരു കർഷകനും ഈ ആക്റ്റിലേയും പദ്ധതിയിലേയും വ്യവസ്ഥകൾ പ്രകാരം നിധിയിൽ അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണെന്ന് 4(1)-ാം വകുപ്പിലും വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. അതായത്, കേരള കർഷക ക്ഷേമനിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി സർക്കാർ ആവിഷ്കരിച്ച് ഗസറ്റ് വിജ്ഞാപനം ചെയ്തതിനുശേഷം മാത്രമേ കേരള കർഷക ക്ഷേമനിധി നിലവിൽ വരികയുള്ളൂവെന്നും അതിനുശേഷം മാത്രമേ പ്രസ്തുത നിധിയിൽ കർഷകരെ അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് സാധിക്കുകയുള്ളൂവെന്നും ആക്റ്റിൽ വ്യക്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി, കർഷകരെ അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള വ്യവസ്ഥകളും മറ്റും 2021-ലെ കേരള കർഷക ക്ഷേമനിധി ചട്ടങ്ങളിൽ ഉൾപ്പെടുത്തിയത് ആക്റ്റ് പ്രകാരം നിലനിൽക്കുന്നതല്ലെന്നും കർഷക രജിസ്ട്രേഷൻ, അതുമായി ബന്ധപ്പെട്ട രേഖകളുടെ വിതരണം, രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, അംഗങ്ങൾക്കും കുടുംബത്തിനുമുള്ള പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ നൽകൽ എന്നിവയുടെ വ്യവസ്ഥകളും അതിനുള്ള ഫാറങ്ങളും കേരള കർഷക ക്ഷേമനിധി പദ്ധതിയിലാണ് ഉൾപ്പെടുത്തേണ്ടതെന്നും സമിതി അഭിപ്രായപ്പെടുന്നു. കേരള കർഷക ക്ഷേമനിധി പദ്ധതി നിയമാനുസൃതം രൂപീകരിക്കാതെ പതിമൂവായിരത്തിലധികം കർഷകരെ കേരള കർഷക ക്ഷേമനിധിയിൽ അംഗമാക്കിയതും അൻപത്തി ആറ് ലക്ഷത്തിലധികം രൂപ അംശദായമായി സ്വീകരിച്ചതും ക്രമപ്രകാരമല്ലെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ, 2021-ലെ കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 273/2021) അതിലംഘിച്ചുകൊണ്ട്, ആക്റ്റിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേരള കർഷക ക്ഷേമനിധി പദ്ധതിയും കേരള കർഷക ക്ഷേമനിധി ചട്ടങ്ങളും പ്രത്യേകം രണ്ട് ചട്ടങ്ങളാക്കി ഗസറ്റ് വിജ്ഞാപനം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. 2019-ലെ കേരള കർഷക ക്ഷേമനിധി ആക്റ്റിലെ വകുപ്പ് 3(1) പ്രകാരം രൂപീകരിക്കേണ്ട കേരള കർഷക ക്ഷേമനിധി പദ്ധതിയിൽ മുൻകാല പ്രാബല്യത്തോട് കൂടിയോ, പിൽക്കാല പ്രാബല്യത്തോട് കൂടിയോ എന്തെങ്കിലും കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണെന്ന് വകുപ്പ്

3(8)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വകുപ്പ് 28(1) പ്രകാരം മുൻകാല പ്രാബല്യത്തോടു കൂടിയോ, പിൽക്കാല പ്രാബല്യത്തോടു കൂടിയോ ചട്ടങ്ങൾ പുറപ്പെടുവിക്കാവുന്നതാണെങ്കിലും വകുപ്പ് 3(1) പ്രകാരം കേരള കർഷക ക്ഷേമനിധി പദ്ധതി രൂപീകരിക്കുന്നവേളയിൽ പ്രസ്തുത പദ്ധതിക്ക് മുൻകാല പ്രാബല്യമോ പിൽക്കാല പ്രാബല്യമോ നൽകുവാൻ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്ന് സമിതി കണ്ടെത്തുന്നു. 2021-ലെ കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ പ്രകാരം കേരള കർഷക ക്ഷേമനിധി പദ്ധതിയിൽ അംഗമായവരെ സംരക്ഷിക്കുന്നതിനായി മുൻകാല പ്രാബല്യത്തോട് കൂടി കേരള കർഷക ക്ഷേമനിധി പദ്ധതി രൂപീകരിക്കേണ്ടി വരുമെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, കേരള കർഷക ക്ഷേമനിധി പദ്ധതി മുൻകാല പ്രാബല്യത്തോട് കൂടിയോ, പിൽക്കാല പ്രാബല്യത്തോട് കൂടിയോ രൂപീകരിക്കുവാൻ സാധിക്കുന്ന തരത്തിൽ ആക്റ്റിലെ 3-ാം വകുപ്പ് ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. 2019-ലെ കേരള കർഷക ക്ഷേമനിധി ആക്റ്റ് എന്നതിലെ 'ആക്റ്റ്' എന്ന വാക്ക് 'ആക്ട് ' എന്നാണ് ചട്ടങ്ങളിൽ ഉപയോഗിച്ചിരിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ചട്ടങ്ങളിലെ 'ആക്ടിലെ' എന്നത് 'ആക്റ്റിലെ ' എന്നും 'ആക്ട് ' എന്നത് 'ആക്റ്റ് ' എന്നും 'ആക്ടിന്റെ' എന്നത് 'ആക്റ്റിന്റെ' എന്നും 'ആക്ടിൽ' എന്നത് 'ആക്റ്റിൽ' എന്നും ഏകീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. ആക്റ്റിലെ വകുപ്പ് 28(1)-ലാണ് കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം നൽകുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ചട്ടങ്ങളുടെ പീഠികയിലെ '28-ാം വകുപ്പ് ' എന്നത് '28-ാം വകുപ്പ് (1)-ാം ഉപവകുപ്പ് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. ചട്ടം 2(1)(ഡി)-ലെ "ഫാറം" എന്നതിന്റെ നിർവ്വചനത്തിലെ 'ഫാറം' എന്നത് ചട്ടം 2(1)(ഇ)-ലെ "വകുപ്പ് " എന്നതിന്റെ നിർവ്വചനത്തിലേതുപോലെ 'ഒരു ഫാറം' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. ചട്ടം 2(1)(എഫ്)-ലെ രണ്ട്, മൂന്ന് വരികളിലെ 'ഉപഭോക്തൃ വാണിജ്യ വ്യാവസായിക' എന്നത് 'ഉപഭോക്തൃ-വാണിജ്യ-വ്യാവസായിക' എന്നും ഒന്ന്, രണ്ട്, നാല് വരികളിലേയും വിശദീകരണത്തിലെ നാലാം വരിയിലേയും 'ഉൽപ്പന്നം' എന്നത് 'ഉൽപന്നം' എന്നും വിശദീകരണത്തിലെ ആദ്യ വരിയിലെ 'ആവശ്യത്തിലേയ്ക്കായി' എന്നത് 'ആവശ്യത്തിലേക്കായി' എന്നും രണ്ടാം വരിയിലെ 'കാർഷികോൽപ്പന്നങ്ങൾ' എന്നത് 'കാർഷികോൽപന്നങ്ങൾ' എന്നും 'മൂല്യവർദ്ധിതോൽപ്പന്നങ്ങളെ' എന്നത് 'മൂല്യവർദ്ധിതോൽപന്നങ്ങളെ' എന്നും നാലാം വരിയിലെ 'മൂല്യവർദ്ധിതോൽപ്പന്നം' എന്നത് 'മൂല്യവർദ്ധിതോൽപന്നം' എന്നും അഞ്ചാം വരിയിലെ 'എക്സിക്യൂട്ടീവ് ' എന്നത് 'എക്സിക്യൂട്ടീവ് ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. കേരള കർഷക ക്ഷേമനിധിയിൽ ഒരാൾ അംഗമായതിന് ശേഷമാണ് ഭാഗികമായി അടച്ച അംശദായ തുകയും മരണപ്പെട്ട അംഗത്തിന്റെ അവകാശികൾക്കുള്ള തുകയും തിരികെ നൽകുന്നതിനെ കുറിച്ച് വ്യവസ്ഥ ചെയ്യേണ്ടതുള്ളുവെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, അംഗത്വവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ചട്ടങ്ങളിൽ ആദ്യം ചേർക്കുന്നതിനായി, ചട്ടം 3-ന്റെയും 4-ന്റെയും സ്ഥാനം പരസ്പരം മാറ്റണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. ചട്ടം 3(1)-ന്റെ മൂന്നാം വരിയിലെ 'നിധിയിലേയ്ക്ക്' എന്നത് തലക്കെട്ടിലേതുപോലെ ഏകീകരിക്കുന്നതിനായി 'നിധിയിലേക്ക് ' എന്നാക്കണമെന്നും മൂന്നാം വരിയിലെ 'അംശദായം' എന്ന വാക്കിനുശേഷമുള്ള ',' ചിഹ്നം ഒഴിവാക്കണമെന്നും നാലാം വരിയിലെ 'ഭരണപരമായ ചെലവോ' എന്നതിന്റെ തർജ്ജമയുടെ ആവശ്യമില്ലാത്തതിനാൽ, '(Administration Cost)' എന്നത് ഒഴിവാക്കി ',' ചിഹ്നം ചേർക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

12. ചട്ടം 3(3)-ന്റെ ഒന്നാം വരിയിലെ 'ഭാഗീകമായി' എന്നത് 'ഭാഗികമായി' എന്നും '(1)-ാം ഉപവകുപ്പ് പ്രകാരം' എന്നത് '(1)-ാം ഉപചട്ട പ്രകാരം' എന്നും ചട്ടം 3(5)-ലെ ഒന്നാം വരിയിലെ 'പറയുന്ന' എന്നത് 'വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമുള്ള' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. ചട്ടം 3(6) പ്രകാരമുള്ള അപേക്ഷ ഓൺലൈനായിട്ടാണ് സ്വീകരിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ, ചട്ടം 3(6)-ന്റെ അവസാന വാക്കായ 'അപേക്ഷിക്കേണ്ടതാണ്' എന്നതിന് മുൻപിലായി 'ഓൺലൈനായി' എന്ന വാക്ക് കൂട്ടിച്ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. അംഗത്വ രജിസ്ട്രേഷൻ കൂടാതെ രജിസ്ട്രേഷൻ നിരസിക്കുന്നതിനെയും അപ്പീലിനെയും കുറിച്ച് ചട്ടം 4-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ചട്ടം 4-ന്റെ തലക്കെട്ടായ 'അംഗത്വ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ്, പാസ്സ്ബുക്ക്, രജിസ്റ്ററുകൾ എന്നിവ' എന്നത് 'അംഗത്വ രജിസ്ട്രേഷൻ, നിരസിക്കൽ, അപ്പീൽ എന്നിവ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. ഒരു വ്യക്തിയുടെ വയസ്സ് എത്രയാണെന്ന് നിശ്ചയിക്കുന്നത് അയാളുടെ ജനന തീയതി കണക്കാക്കിയാണെന്നും ജനന തീയതി തെളിയിക്കുന്ന രേഖ, ആധാർ കാർഡ് എന്നിവയുടെ പകർപ്പാണ് രജിസ്ട്രേഷനായി നൽകേണ്ടതെന്നും കൃഷി ഭൂമി സംബന്ധിച്ച രേഖയുടെ പകർപ്പ്, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ കൂടി നൽകണമെന്ന് വ്യവസ്ഥ ചെയ്യണമെന്നും സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, ചട്ടം 4(1)-ലെ 'വയസ്സ്

തെളിയിക്കുന്ന രേഖ, ആധാർ കാർഡ് എന്നിവ സഹിതം' എന്നത് ഫാറം I-ലേതുപോലെ ഏകീകരിക്കുന്നതിനായി, 'ജനന തീയതി തെളിയിക്കുന്ന രേഖയുടെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, കൃഷി ഭൂമി സംബന്ധിച്ച രേഖയുടെ പകർപ്പ്, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. കേരള കർഷക ക്ഷേമനിധിയുടെ രജിസ്ട്രേഷൻ ഫീസായി നിലവിൽ നൂറ് രൂപ ഈടാക്കുന്നുണ്ടെന്നും ചട്ടത്തിൽ തുക വ്യക്തമാക്കിയിട്ടില്ലെന്നും മനസ്സിലാക്കിയ സമിതി പ്രസ്തുത തുക വ്യക്തമായി ചട്ടത്തിൽ ചേർക്കേണ്ടതായിരുന്നുവെന്ന് അഭിപ്രായപ്പെടുന്നു. ചട്ടം 4(1)-ന്റെ നാലാം വരിയിലെ 'നിർദ്ദിഷ്ട രജിസ്ട്രേഷൻ ഫീസ് അടച്ചശേഷം' എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നതിനുപകരം രജിസ്ട്രേഷൻ ഫീസ് എത്രയെന്ന് ചട്ടത്തിൽ ചേർക്കേണ്ടതാണെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ചട്ടം 4(1)-ലെ 'നിർദ്ദിഷ്ട' എന്നത് 'നൂറ് രൂപ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. ചട്ടം 4(1)-ന്റെ ഏഴാമത്തെ വരിയിലെ 'അപ്‌ലോഡ് ചെയ്യേണ്ടതാണ് ' എന്നത് വ്യക്തമായി 'ബോർഡിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ് ' എന്നും ഒൻപതാം വരിയിലെ 'അപ് ലോഡ് ' എന്നത് 'അപ്‌ലോഡ് ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. ഇലക്ട്രോണിക് രൂപത്തിലുള്ള ഒരു അറിയിപ്പാണ് എസ്.എം.എസ്. എന്നതിനാൽ, ചട്ടം 4(2)-ന്റെ മൂന്നാം വരിയിലെ 'എസ്.എം.എസ്. വഴിയും/രേഖാമൂലമോ/ഇലക്ട്രോണിക് രൂപത്തിലോ നൽകുന്നതാണ് ' എന്നത് 'രേഖാമൂലമോ ഇലക്ട്രോണിക് രൂപത്തിലോ നൽകേണ്ടതാണ് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. വകുപ്പ് 4(3)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ, ചട്ടം 4(3)-ന്റെ ആറാം വരിയിലെ 'കത്ത്/അറിയിപ്പ് നൽകേണ്ടതുമാണ് ' എന്നത് 'അപേക്ഷ കൈപ്പറ്റി മുപ്പത് ദിവസത്തിനകം രേഖാമൂലമോ ഇലക്ട്രോണിക് രൂപത്തിലോ അറിയിപ്പ് നൽകേണ്ടതുമാണ് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. ചട്ടം 4(1)-ൽ കൃഷി ഓഫീസറാണ് അംഗത്വ രജിസ്ട്രേഷനുള്ള അപേക്ഷ സ്വീകരിക്കേണ്ടതെന്നും വകുപ്പ് 4(4)-ൽ അപേക്ഷകന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ മറ്റേതെങ്കിലും അധികാരസ്ഥാനത്തിനോ അപ്പീൽ നൽകാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. അപേക്ഷ സ്വീകരിക്കുന്നത് കൃഷി ഓഫീസറായതിനാൽ, പ്രസ്തുത പദവിയിൽ നിന്നും വ്യത്യസ്തനായ മറ്റൊരാൾക്ക് ആയിരിക്കണം അപ്പീൽ നൽകേണ്ടതെന്ന് സമിതി വിലയിരുത്തുന്നു. ചട്ടം 4(4)-ലെ 'ഇപ്രകാരം അറിയിപ്പ് നൽകി മുപ്പത് ദിവസത്തിനകം' എന്നത് '(3)-ാം ഉപചട്ട പ്രകാരമുള്ള അറിയിപ്പ് കൈപ്പറ്റി മുപ്പത് ദിവസത്തിനകം അപേക്ഷകന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അപ്പീൽ നൽകാവുന്നതും' എന്നും 'കൃഷി ഓഫീസർക്ക് ' എന്നതിനുപകരം 'അപ്പീൽ കൈപ്പറ്റി മുപ്പത് ദിവസത്തിനകം' എന്നും 'അല്ലെങ്കിൽ രജിസ്ട്രേഷൻ' എന്നത് ഒഴിവാക്കണമെന്നും 'ചെയ്യാവുന്നതാണ് ' എന്നത് 'ചെയ്യാവുന്നതുമാണ് '

എന്നും മാറ്റേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, '(3)-ാം ഉപചട്ട പ്രകാരമുള്ള അറിയിപ്പ് കൈപ്പറ്റി മുപ്പത് ദിവസത്തിനകം അപേക്ഷകന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അപ്പീൽ നൽകാവുന്നതും അപേക്ഷകൻ ഹാജരാക്കുന്ന വസ്തുതകൾ പരിഗണിച്ചശേഷം അപ്പീൽ കൈപ്പറ്റി മുപ്പത് ദിവസത്തിനകം അപേക്ഷകന്റെ രജിസ്ട്രേഷൻ അംഗീകരിക്കുകയോ അല്ലെങ്കിൽ രജിസ്ട്രേഷൻ നിരസിക്കുകയോ ചെയ്യാവുന്നതുമാണ്.' എന്ന് ചട്ടം 4(4)-ൽ മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. ചട്ടം 4(4) പ്രകാരമുള്ള അപ്പീൽ നൽകുന്നതിനായി ഒരു ഫാറം പുതിയതായി ചട്ടങ്ങളിൽ ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. ചട്ടം 4(4) പ്രകാരമുള്ള അപ്പീൽ നിരസിച്ച വിവരം മാത്രമേ ചട്ടം 4(5) പ്രകാരം അപേക്ഷകനെ അറിയിക്കുന്നുള്ളൂവെന്ന് സമിതി നിരീക്ഷിക്കുന്നു. അപ്പീൽ അംഗീകരിച്ചു എങ്കിൽ പ്രസ്തുത വിവരവും അപേക്ഷകനെ അറിയിക്കേണ്ടതാണെന്നും 'അപേക്ഷയുടെ' എന്നത് 'അപ്പീൽ അപേക്ഷ' എന്നും മാറ്റേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, ചട്ടം 4(5)-ലെ '(4)-ാം ഉപചട്ടപ്രകാരം നിരസിച്ച അപേക്ഷയുടെ' എന്നത് '(4)-ാം ഉപചട്ടപ്രകാരമുള്ള അപ്പീൽ അപേക്ഷ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്തു' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. ചട്ടം 3-ന്റെയും 4-ന്റെയും സ്ഥാനം പരസ്പരം മാറ്റി, അപ്പീൽ നൽകുന്നതിനായി പുതിയതായി ഒരു ഫാറം നിലവിലെ ചട്ടം 4(4)-ൽ ചേർക്കേണ്ടതിനാൽ, പുതിയ ഫാറം 'ഫാറം II' എന്നും നിലവിലെ 'ഫാറം II' എന്നത് 'ഫാറം IX' എന്നും നിലവിലെ 'ഫാറം IX മുതൽ ഫാറം XVIII' വരെയുള്ളവ 'ഫാറം X മുതൽ ഫാറം XIX' എന്നും ആക്കണമെന്നും ചട്ടങ്ങളിൽ ഫാറം വ്യവസ്ഥ ചെയ്യുന്ന ഭാഗങ്ങളിൽ പ്രസ്തുത മാറ്റം വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

24. ചട്ടം 4(6)-ന്റെ രണ്ടാം വരിയിലെ 'ഓൺലൈെൻ' എന്നത് 'ഓൺലൈൻ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. ചട്ടം 4(6)-ന്റെ ആറാം വരിയിലെ 'തീയതിയ്ക്കുള്ളിൽ' എന്നത് 'തീയതിക്കുള്ളിൽ' എന്നും ഏഴാം വരിയിലെ 'ഇതിലേയ്ക്കായി' എന്നത് 'ഇതിലേക്കായി' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. ചട്ടം 4(9)-ന്റെ നാലാം വരിയിലേയും ചട്ടം 8-ന്റെ മൂന്നാം വരിയിലേയും 'മുഖാന്തിരം' എന്നത് 'മുഖാന്തരം' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. കുടുംബ പെൻഷൻ വാങ്ങുന്നവരുടെ വിവരമടങ്ങുന്ന പ്രത്യേക രജിസ്റ്റർ ഇല്ലാത്തതിനാലും ഫാറം IX-ൽ കുടുംബ പെൻഷൻ വാങ്ങുന്നവരുടെ വിവരം ശേഖരിക്കുന്നതിനാലും, ചട്ടം 5-ന്റെ ഒന്നാം വരിയിലെ 'പെൻഷൻ വിവരങ്ങൾ' എന്നത് 'പെൻഷൻ, കുടുംബ പെൻഷൻ വിവരങ്ങൾ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. ചട്ടം 5 പ്രകാരമുള്ള ഫാറം XII-ലും ഫാറം XIII-ലും ഫാറം XIV-ലും അപേക്ഷകൾ സമർപ്പിക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, ചട്ടം 5-ലെ അവസാന വാക്കായ 'സമർപ്പിക്കേണ്ടതാണ് ' എന്നതിന് മുമ്പിലായി 'രേഖാമൂലമോ ഓൺലൈനായോ' എന്ന വാക്കുകൾ കൂടി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. ചട്ടം 6(1)-ന്റെ മൂന്നാം വരിയിലെ 'നോട്ടീസ് നൽകി അറിയിക്കേണ്ടതും' എന്നത് 'രേഖാമൂലമോ ഇലക്ട്രോണിക് രൂപത്തിലോ നോട്ടീസ് നൽകേണ്ടതും' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. ചട്ടം 6(2)-ലെ '(1)-ാം ഉപവകുപ്പ് പ്രകാരം' എന്നത് '(1)-ാം ഉപചട്ട പ്രകാരം' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

31. ഫാറം XV പ്രകാരമുള്ള അപേക്ഷ ഓൺലൈനായും സമർപ്പിക്കാമെന്നതിനാൽ, ചട്ടം 7(2)-ലെ 'തപാൽ മുഖേനയോ' എന്നതിനുശേഷം 'ഓൺലൈനായോ' എന്ന വാക്ക് കൂട്ടിച്ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32. ചട്ടം 9-ന്റെ തലക്കെട്ടിലെ 'നിധിയിലേയ്ക്കുള്ള' എന്നത് ചട്ടം 9(2)-ന്റെ മൂന്നാം വരിയിലേതുപോലെ ഏകീകരിക്കുന്നതിനായി, 'നിധിയിലേക്കുള്ള' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33. വ്യാപാരത്തിൽ നഷ്ടമുണ്ടായാലും ബോർഡിന്റെ മേഖലാ ഓഫീസുകളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് വ്യാപാരി റിട്ടേൺ സമർപ്പിക്കേണ്ടതാണെന്നും കർഷകരുടെ ക്ഷേമത്തിനായി നിധിയിലേക്കുള്ള തുക സ്വരൂപിക്കുന്നതിനായി കാർഷിക ഇൻസെന്റീവ് കണക്കാക്കുകയെന്നതാണ് ആത്യന്തികമായ ലക്ഷ്യമെന്നും സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ചട്ടം 10-ന്റെ തലക്കെട്ടിലെ 'വാർഷിക ലാഭം തിട്ടപ്പെടുത്തുന്നതിന്റെ നടപടിക്രമവും' എന്നത് 'വ്യാപാരികളുടെ റിട്ടേൺ സമർപ്പണവും കാർഷിക ഇൻസെന്റീവും' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. ചട്ടം 2(1)(എഫ്)-ന്റെ വിശദീകരണത്തിലെ വാക്കുകളുമായി ഏകീകരിക്കുന്നതിനായി, ചട്ടം 10(1)-ന്റെ ഒന്നാം വരിയിലെ 'കാർഷികോത്പന്നങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ആക്കി' എന്നത് 'കാർഷികോൽപന്നങ്ങൾ മൂല്യവർദ്ധിതോൽപന്നങ്ങളാക്കി' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. ആദായ നികുതി വകുപ്പിന് സമർപ്പിച്ച റിട്ടേണിന്റെ പകർപ്പാണ് ബോർഡിന് നൽകുന്നതെന്നതിനാൽ, ചട്ടം 10(1)-ന്റെ നാലാം വരിയിലെ 'സമർപ്പിക്കുന്ന' എന്നത് 'സമർപ്പിച്ചിട്ടുള്ള' എന്നും ഏഴാം വരിയിലെ 'തീയതിയ്ക്ക് ' എന്നത് 'തീയതിക്ക് ' എന്നും മാറ്റം വരുത്തണമെന്നും അഞ്ചാം വരിയിലെ 'ഫാറം നം. XVI' എന്നത് ഏകീകരിക്കുന്നതിനായി 'നം.' എന്നത് ഒഴിവാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

36. 2013-ലെ കമ്പനി നിയമം (2013-ലെ 18) പ്രകാരം 1956-ലെ കമ്പനി നിയമം റദ്ദാക്കിയിട്ടുള്ളതിനാൽ, ചട്ടം 10(2)-ലെ '1956-ലെ' എന്നത് '2013-ലെ' എന്നും രണ്ടാം വരിയിലെ 'കേന്ദ്ര സംസ്ഥാന' എന്നത് 'കേന്ദ്ര - സംസ്ഥാന' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37. ചട്ടം 10(3)-ന്റെ അഞ്ചാം വരിയിലെ 'അടയ്ക്കേണ്ടതുക' എന്നത് 'അടയ്ക്കേണ്ട തുക' എന്നും ആറാം വരിയിലെ 'ഇൻസെൻറീവ് തുക ചെലാൻ മുഖേനയോ' എന്നത് 'ഇൻസെന്റീവ് തുക ഇ-ചെലാൻ മുഖേനയോ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

38. ചട്ടം 10(5)-ന്റെ ആറാം വരിയിലെ 'പുനഃപരിശോധന' എന്നത് 'പുന:പരിശോധന' എന്നും ഏഴാം വരിയിലെ 'കേരളകർഷക ക്ഷേമനിധി സ്റ്റാമ്പ് ' എന്നത് 'കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ് ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

39. കർഷകരുടെ ക്ഷേമത്തിനായി നിധിയിലേക്കുള്ള തുക സ്വരൂപിക്കുന്നതിനായുള്ള പ്രധാനപ്പെട്ട വരുമാനമാർഗ്ഗങ്ങളിലൊന്നാണ് കാർഷിക ഇൻസെന്റീവെന്ന് സമിതി വിലയിരുത്തുന്നു. വ്യാപാരികൾ റിട്ടേണുകൾ നൽകുന്നതിനും ഇൻസെന്റീവ് അടയ്ക്കുന്നതിനുമുള്ള പ്രാബല്യ തീയതി സർക്കാർ ഉത്തരവ് മുഖേന നിശ്ചയിക്കുന്നതാണെന്ന് ചട്ടം 10(6)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും അതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചില്ലെന്ന് സമിതി കണ്ടെത്തുന്നു. <u>അതിനാൽ, ചട്ടം 10(6)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതുപ്രകാരം വ്യാപാരികൾ റിട്ടേണുകൾ നൽകുന്നതിനും ഇൻസെന്റീവ് അടയ്ക്കുന്നതിനുമുള്ള പ്രാബല്യ തീയതി നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് അടിയന്തരമായി വിജ്ഞാപനം ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

40. ചട്ടം 10(6)-ലെ അവസാന വാക്കായ 'നിശ്ചയിക്കുന്നതാണ് ' എന്നത് 'നിശ്ചയിക്കേണ്ടതാണ് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

41. ചട്ടം 10(8)-ന്റെ രണ്ടാം വരിയിലെ 'വ്യാപാരലൈസൻസ് ' എന്നത് 'വ്യാപാര ലൈസൻസ് ' എന്നും നാലാം വരിയിലെ 'ക്ലീയറൻസ് ' എന്നത് 'ക്ലിയറൻസ് ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

42. ചട്ടം 10(4) പ്രകാരം പുനഃപരിശോധിക്കുമ്പോഴും ഇൻസെന്റീവ് തുകയിൽ മാറ്റം വരാമെന്നതിനാൽ, ചട്ടം 10(9)-ലെ '(3)-ാം ഉപചട്ടപ്രകാരം' എന്നത് '(3)-ാം ഉപചട്ടപ്രകാരമോ (4)-ാം ഉപചട്ടപ്രകാരമോ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

43. ചട്ടം 10(9)-ന്റെ മൂന്നാം വരിയിലെ 'ഇൻസെന്റീവ് തുകയായോ ' എന്നത് 'ഇൻസെന്റീവ് തുകയായി' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

44. ചട്ടം 10(10)-ന്റെ രണ്ടാം വരിയിലെ 'പറഞ്ഞിരിക്കുന്ന' എന്നത് 'വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരമുള്ള' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45. കാർഷികോൽപന്നങ്ങളെ മൂല്യവർദ്ധിതോൽപന്നങ്ങളാക്കി വ്യാപാരം നടത്തുന്നതും വാർഷിക ലാഭം ഒരു ലക്ഷം രൂപയിൽ കൂടുതലുള്ളതുമായ വ്യാപാരികൾ തങ്ങളുടെ വാർഷിക ലാഭത്തിന്റെ ഒരു ശതമാനം വരുന്ന തുക കാർഷിക ഇൻസെന്റീവായി നൽകണമെന്നും പ്രസ്തുത തുക നിശ്ചയിക്കുന്നതിനായി റിട്ടേൺ സമർപ്പിക്കണമെന്നും ആക്റ്റിലെ 9-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, പ്രസ്തുത റിട്ടേൺ സമർപ്പിക്കേണ്ട വ്യാപാരികളെ കണ്ടെത്തുന്നത് എപ്രകാരമാണെന്നും അവരുടെ വിവര ശേഖരണം എങ്ങനെ നടത്തണമെന്നും വ്യാപാരികൾക്ക് രജിസ്ട്രേഷൻ ആവശ്യമാണോയെന്നും ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. വ്യക്തവും ശക്തവുമായ വ്യവസ്ഥകൾ ഇല്ലെങ്കിൽ ഒരു വ്യാപാരിയും സ്വമേധയാൽ റിട്ടേൺ സമർപ്പിക്കുന്നതിനും ഇൻസെന്റീവ് അടയ്ക്കുന്നതിനും സാധ്യതയില്ലെന്നും അങ്ങനെയെങ്കിൽ വ്യാപാരികളിൽ നിന്നും കാർഷിക ഇൻസെന്റീവ് ഈടാക്കുന്നതിന് സാധിക്കുകയില്ലെന്നും സമിതി വിലയിരുത്തുന്നു. അതിനാൽ, കാർഷികോൽപന്നങ്ങളെ മൂല്യവർദ്ധിതോൽപന്നങ്ങളാക്കി വ്യാപാരം നടത്തുന്ന വ്യാപാരികളിൽ നിന്നും കാർഷിക ഇൻസെന്റീവ് തുക ഈടാക്കുന്നതിനായി, റിട്ടേൺ സമർപ്പിക്കേണ്ട വ്യാപാരികളെ കണ്ടെത്തുന്നത് എപ്രകാരമാണെന്നും അവരുടെ വിവരശേഖരണം എങ്ങനെ നടത്തണമെന്നും വ്യാപാരികൾക്ക് രജിസ്ട്രേഷൻ ആവശ്യമാണോയെന്നും വ്യക്തമായി വ്യവസ്ഥ ചെയ്യുന്നതിന് ആക്റ്റിൽ ഭേദഗതി കൊണ്ടു വരണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

46. യഥാസമയം റിട്ടേൺ സമർപ്പിക്കാത്ത വ്യാപാരികളിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള ഭേദഗതി ആക്റ്റിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

47. ചട്ടം 11(1)-ലെ 'കേരള കർഷകക്ഷേമനിധി സ്റ്റാമ്പ് ' എന്നത് ആക്റ്റിലെ വകുപ്പ് 18-ൽ ഉള്ളതു പോലെ 'കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

48. ചട്ടം 11(3)-ന്റെ അഞ്ചാം വരിയിലെ 'കർഷക ക്ഷേമനിധി സ്റ്റാമ്പ് അക്കൊണ്ട് രജിസ്റ്റർ ' എന്നത് 'കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ' എന്നും ആറാം വരിയിലെ '10-ാം ' എന്നത് 'പത്താം' എന്നും ഒൻപതാം വരിയിലെ 'അക്കൗണ്ടിലേയ്ക്ക് ' എന്നത് 'അക്കൗണ്ടിലേക്ക് ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

49. ചട്ടം 11(4)-ലെ 'വിൽപ്പന' എന്നത് 'വില്പന' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

50. ആക്ടിലെ 18-ാം വകുപ്പ് പ്രകാരം, സർക്കാരിന്റെ മുൻകൂർ അനുമതിയോട് കൂടി അൻപത് രൂപയിൽ കവിയാത്ത മൂല്യമുള്ള കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ് ബോർഡിന് അച്ചടിക്കാവുന്നതാണെന്നും ബോർഡിന്റെ ശിപാർശയിന്മേൽ സർക്കാരിന്റെ വിവിധ ഓഫീസുകളിലോ സ്ഥാപനങ്ങളിലോ സമർപ്പിക്കേണ്ട നിശ്ചിത തരം അപേക്ഷകൾക്കും അത്തരം ഓഫീസുകളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ നൽകുന്ന നിശ്ചിത തരം സർട്ടിഫിക്കറ്റുകൾ, രേഖകൾ, മറ്റ് പ്രമാണങ്ങൾ എന്നിവയിൽ പ്രസ്തുത സ്റ്റാമ്പ് പതിക്കണമെന്ന് ഉത്തരവ് വഴി സർക്കാരിന് നിർദ്ദേശം നൽകാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. ചട്ടം 11-ൽ കേരള കർഷക ക്ഷേമനിധി സ്റ്റാമ്പുകളുടെ അച്ചടിയെയും വിതരണത്തെയും കുറിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എല്ലാ പുനഃപരിശോധന/അപ്പീൽ അപേക്ഷകളിലും നൂറ് രൂപയുടെ മൂല്യമുള്ള കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ് പതിക്കേണ്ടതാണെന്ന് ചട്ടം 10(5)-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും 14-10-2020-ന് കേരള കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചു കൊണ്ട് ഗസറ്റ് വിജ്ഞാപനം ചെയ്യുകയും മൂന്ന് വർഷം കാലാവധിയുള്ള പ്രസ്തുത ബോർഡിന്റെ കാലാവധി അവസാനിക്കാറായിട്ടും കേരള കർഷക ക്ഷേമനിധിയുടെ ഒരു വരുമാന മാർഗ്ഗമായ കേരള കർഷക ക്ഷേമനിധി സ്റ്റാമ്പിന്റെ അച്ചടി ആരംഭിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. <u>പുനഃപരിശോധന/അപ്പീൽ അപേക്ഷകൾ സമർപ്പിക്കുന്നതിന് നൂറ് രൂപയുടെ മൂല്യമുള്ള കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ് പതിക്കേണ്ടതിനാലും പ്രസ്തുത അപേക്ഷകളിന്മേൽ തീരുമാനമെടുത്ത് കാർഷിക ഇൻസെന്റീവ് തടസ്സം കൂടാതെ ഈടാക്കുന്നതിനുമായി, ചട്ടം 11-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു പ്രകാരം കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ് അച്ചടിക്കുന്നതിന് ഉചിതമായ നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

51. കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ് അച്ചടിക്കുന്നതിൽ നിന്നും സർക്കാർ പിന്നാക്കം പോകുകയാണെങ്കിൽ, നൂറ് രൂപ ഇ-ചെലാൻ മുഖേനയോ ഓൺലൈനായോ അടയ്ക്കുവാൻ സാധിക്കുന്ന വിധത്തിൽ ചട്ടം 10(5)-ൽ മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

52. നിലവിലെ ചട്ടം 3-ഉം ചട്ടം 4-ഉം പരസ്പരം മാറ്റണമെന്നുള്ളതിനാൽ ഫാറം I, ഫാറം III മുതൽ ഫാറം VIII വരെയുള്ളവയിൽ ഏത് ചട്ടപ്രകാരമുള്ള ഫാറമാണെന്ന് സൂചിപ്പിക്കുന്ന 'ചട്ടം 4' എന്നത് 'ചട്ടം 3' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

53. ഫാറം I-ലെ ക്രമനമ്പർ 2-ലെ ജനന തീയതി തെളിയിക്കുന്നതിന് എന്തൊക്കെ രേഖകളാണ് സമർപ്പിക്കേണ്ടതെന്ന് ഫാറത്തിൽ വ്യക്തമാക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു. <u>അതിനാൽ, ഫാറം I-ലെ ക്രമനമ്പർ 2-ലെ 'ജനന തീയതി' എന്നത്</u>

'ജനന തീയതിയും വയസ്സും' എന്നാക്കണമെന്നും അതിന് താഴെയായി, '[ആധാർ കാർഡ്/ ഇലക്ഷൻ തിരിച്ചറിയൽ കാർഡ്/ ഡ്രൈവിംഗ് ലൈസൻസ് (ബന്ധപ്പെട്ടവയിൽ ☐ മാർക്ക് രേഖപ്പെടുത്തുക)]' എന്നാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

54. ചട്ടം 4 പ്രകാരം അംഗത്വത്തിനുള്ള അപേക്ഷയിൽ ആധാർ കാർഡ് അനിവാര്യമായ ഒരു രേഖയായതിനാൽ മറ്റ് തിരിച്ചറിയൽ രേഖകൾ ഫാറം I-ലെ ക്രമനമ്പർ 3-ൽ സൂചിപ്പിക്കേണ്ടതില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ഫാറം I-ലെ ക്രമനമ്പർ 3 (എ.)-ലെ വിവിധ തിരിച്ചറിയൽ രേഖകളും (ബി.)-ലെ തിരിച്ചറിയൽ രേഖയുടെ നമ്പരും 'സി.' എന്നതും ഒഴിവാക്കണമെന്നും ക്രമനമ്പർ 3-ൽ 'ആധാർ നമ്പർ' എന്ന് മാറ്റം വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

55. Indian Financial System Code എന്നതിന്റെ ചുരുക്കെഴുത്താണ് IFSC എന്നും 'Code' എന്നതിന്റെ ചുരുക്കെഴുത്താണ് 'C' എന്നും സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ഫാറം I-ലെ ക്രമനമ്പർ 7-ലെ 'ഐ.എഫ്.എസ്.സി കോഡ് ' എന്നതിലെ 'സി' ഒഴിവാക്കി, 'ഐ.എഫ്.എസ്. കോഡ് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

56. ഫാറം I-ലെ ക്രമനമ്പർ 9 പ്രകാരം മറ്റു ക്ഷേമ നിധിയിൽ അംഗത്വമുണ്ടെങ്കിൽ, പ്രസ്തുത വിവരം രേഖപ്പെടുത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, ക്രമനമ്പർ 9-ന് താഴെയായി, 'ഉണ്ടെങ്കിൽ വിശദവിവരം' എന്ന് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

57. ഫാറം I-ന്റെ ക്രമനമ്പർ 13-ലെ ഇനം 1-ലെ സത്യപ്രസ്താവനയും ഇനം 2-ലെ സർട്ടിഫിക്കറ്റും ഇനം 3-ലെ സാക്ഷ്യപത്രവും പ്രസ്തുത ഫാറത്തിന്റെ ഭാഗമായതിനാൽ, ഉള്ളടക്കം ചെയ്തിട്ടുള്ള രേഖകളുടെ ഗണത്തിൽ നിന്നും അവ ഒഴിവാക്കി, '1. തിരിച്ചറിയൽ രേഖയുടെ പകർപ്പ്, 2. ആധാർ കാർഡിന്റെ പകർപ്പ്, 3. കൃഷി ഭൂമി സംബന്ധിച്ച രേഖകളുടെ പകർപ്പ് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

58. ഫാറം I-ലെ ക്രമനമ്പർ 13-ലെ ഇനം 4-ലെ 'ബാങ്ക് പാസ്ബുക്ക് പകർപ്പ് ' എന്നത് 'ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് ' എന്നും ഇനം 5-ലെ 'വയസ്സ തെളിയിക്കുന്ന രേഖ' എന്നത് 'ജനന തീയതി തെളിയിക്കുന്ന രേഖയുടെ പകർപ്പ് ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

59. ഫാറം I-ലെ കർഷകന്റെ സത്യപ്രസ്താവനയിലെ 'ഒപ്പ് ' എന്നതിന് താഴെയായി 'പേര് ' എന്ന് ചേർക്കണമെന്നും 'തീയതി:' എന്നതിനുശേഷമുള്ള '(1)' എന്നത് ഒഴിവാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

60. ഫാറം I-ലെ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തിലെ 'തീയതി' എന്നതിന് മുകളിലായി 'സ്ഥലം' എന്നും തീയതി എന്നതിന്റെ വലത് വശത്ത് മദ്ധ്യഭാഗത്തായി '(ഓഫീസ് സീൽ)' എന്ന് ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

61. ഫാറം I-ലെ വരുമാന സർട്ടിഫിക്കറ്റിന് മുകളിലുള്ള '(2)' എന്നത് ഒഴിവാക്കണമെന്നും '(ഒപ്പ്)' എന്നതിന് മുകളിലുള്ള 'സർട്ടിഫിക്കറ്റ് നൽകുന്ന തീയതി, സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ' എന്നിവ ഒഴിവാക്കണമെന്നും '(ഒപ്പ്)' എന്നത് 'ഒപ്പ്, പേര്, തസ്തിക' എന്നും '(ഒപ്പ്)' എന്നതിന് ഇടത് വശത്ത് മദ്ധ്യഭാഗത്തായി '(ഓഫീസ് സീൽ)' എന്നും ആക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

62. ഫാറം I-ലെ 'ഓഫീസ് ആവശ്യത്തിന് ' എന്നതിലെ 'അംഗത്വ അംഗീകാരം' എന്നത് 'അംഗത്വം അംഗീകരിച്ചു/നിരസിച്ചു' എന്നും അതിന് താഴെയായി, 'അംഗത്വ നമ്പർ, അംഗത്വം നിരസിച്ചതിനുള്ള കാരണങ്ങൾ' എന്നിവ രേഖപ്പെടുത്തുന്നതിനുള്ള സ്ഥലം ഉൾപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

63. ഫാറം I-ലെ 'ഓഫീസ് ആവശ്യത്തിന് ' എന്നതിന്റെ അവസാന ഭാഗത്ത് ഇടത് വശത്തായി 'തീയതി' എന്നും മദ്ധ്യ ഭാഗത്തായി '(ഓഫീസ് സീൽ)' എന്നും വലത് ഭാഗത്തായി 'ഒപ്പ്, പേര്, തസ്തിക' എന്നും ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

64. ഫാറം II-ന്റെ തലക്കെട്ടിലെ 'ഭാഗീകമായി' എന്നത് 'ഭാഗികമായി' എന്നും നിലവിലെ ചട്ടം 3 എന്നത് ചട്ടം 4 ആക്കുന്നതിനാൽ, '(ചട്ടം 3(6) കാണുക)' എന്നത് '[ചട്ടം 4(6) കാണുക]' എന്നും ക്രമനമ്പർ 6. ഡി.-ലെ 'ഐ.എഫ്.എസ്.സി കോഡ് ' എന്നതിലെ 'സി' ഒഴിവാക്കി, 'ഐ.എഫ്.എസ്. കോഡ് ' എന്നും സത്യപ്രസ്താവനയിലെ 'ഒപ്പ് ' എന്നതിന് താഴെയായി 'പേര് ' എന്നും ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

65. ഫാറം II-ന്റെ അവസാന ഭാഗത്തായി, 'ഓഫീസ് ആവശ്യത്തിന് ' എന്നും അതിന് താഴെയായി, 'അനുവദിച്ച തുക, അപേക്ഷ നിരസിച്ചതിനുള്ള കാരണങ്ങൾ' രേഖപ്പെടുത്തുന്നതിനുള്ള സ്ഥലവും അവസാന ഭാഗത്ത് ഇടത് വശത്തായി 'സ്ഥലം, തീയതി' എന്നും മദ്ധ്യ ഭാഗത്തായി '(ഓഫീസ് സീൽ)' എന്നും വലത് ഭാഗത്തായി 'ഒപ്പ്, പേര്, തസ്തിക' എന്നും ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

66. ഫാറം III-ലെ 'ഓഫീസ് മേധാവിയുടെ ഒപ്പ് ' എന്നതിന് താഴെയായി 'പേര്, തസ്തിക' എന്നും മദ്ധ്യ ഭാഗത്തായി '(ഓഫീസ് സീൽ)' എന്നും ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

67. ഫാറം നം. IV, ഫാറം നം. IX, ഫാറം നം. XIV മുതൽ ഫാറം നം. XVIII വരെയുള്ളവ മറ്റ് ഫാറങ്ങളുമായി ഏകീകരിക്കുന്നതിനായി, പ്രസ്തുത ഫാറങ്ങളിലെ 'നം.' എന്നത് ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

68. ഫാറം നം. IV-ന്റെ ക്രമനമ്പർ 2-ലെ 'വിലാസം' എന്നത് 'മേൽവിലാസം' എന്നും അവസാന ഭാഗത്ത് ഇടത് വശത്തായി 'സ്ഥലം, തീയതി' എന്നും മദ്ധ്യ ഭാഗത്തായി '(ഓഫീസ് സീൽ)' എന്നും വലത് വശത്തായി 'ഒപ്പ്, പേര്, തസ്തിക' എന്നും ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

69. ഫാറം V-ന്റെ പേജ്-2-ലെ നാലാം ഇനമായ 'ആദ്യ ഗഡു തീയതി' എന്നത് 'ആദ്യ ഗഡു അടച്ച തീയതി' എന്നും പേജ്-5-ലെ 'നിധിയിലേയ്ക്ക് ' എന്നത് 'നിധിയിലേക്ക്' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

70. ഫാറം VI-ന്റെ രണ്ടാം കോളത്തിലെ 'പഞ്ചായത്ത് ' എന്നത് 'പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

71. ഫാറം VII-ന്റെ മൂന്നാം കോളത്തിലെ 'പഞ്ചായത്ത് ' എന്നത് 'പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ' എന്നും പത്താം കോളത്തിലെ 'ബാങ്കിന് റെ' എന്നത് 'ബാങ്കിന്റെ' എന്നും പതിനൊന്നാം കോളത്തിലെ 'ഐ.എഫ്.എസ്.സി കോഡ് ' എന്നത് 'ഐ.എഫ്.എസ്. കോഡ് ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

72. ഫാറം VIII-ലെ ക്രമനമ്പർ 2-ലെ ജനന തീയതി തെളിയിക്കുന്നതിന് എന്തൊക്കെ രേഖകളാണ് സമർപ്പിക്കേണ്ടതെന്ന് ഫാറത്തിൽ വ്യക്തമാക്കേണ്ടതാണെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ഫാറം VIII-ലെ ക്രമനമ്പർ 2-ലെ 'ജനന തീയതി' എന്നത് 'ജനന തീയതിയും വയസ്സും' എന്നും അതിന് താഴെയായി, '[ആധാർ കാർഡ്/ ഇലക്ഷൻ തിരിച്ചറിയൽ കാർഡ്/ഡ്രൈവിംഗ് ലൈസൻസ് (ബന്ധപ്പെട്ടവയിൽ ☐ മാർക്ക് രേഖപ്പെടുത്തുക)]' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

73. ചട്ടം 4 പ്രകാരം അംഗത്വത്തിനുള്ള അപേക്ഷയിൽ ആധാർ കാർഡ് അനിവാര്യമായ ഒരു രേഖയായതിനാൽ, അംഗങ്ങളുടെ വിവരങ്ങൾ പുതുക്കുന്നതിന് ആധാർ കാർഡ് മാത്രം തിരിച്ചറിയൽ രേഖയായി പരിഗണിച്ചാൽ മതിയെന്നും മറ്റ് തിരിച്ചറിയൽ രേഖകൾ ഫാറം VIII-ലെ ക്രമനമ്പർ 4-ൽ സൂചിപ്പിക്കേണ്ടതില്ലെന്നും സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ഫാറം VIII-ലെ ക്രമനമ്പർ 4 എ.-ലെ വിവിധ തിരിച്ചറിയൽ രേഖകളും ക്രമനമ്പർ 4 ബി.-ലെ തിരിച്ചറിയൽ രേഖയുടെ നമ്പരും ഒഴിവാക്കണമെന്നും ക്രമനമ്പർ 4-ൽ 'ആധാർ നമ്പർ' എന്ന് മാറ്റം വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

74. ഫാറം VIII-ലെ ക്രമനമ്പർ (8)-ലെ ഐ.എഫ്.എസ്.സി കോഡ് ' എന്നത് 'ഐ.എഫ്.എസ്. കോഡ് ' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

75. കർഷകന്റെ സത്യപ്രസ്താവന ഫാറം VIII-ന്റെ ഭാഗമായതിനാൽ, അത് ഫാറത്തിൽ ഉള്ളടക്കം ചെയ്യേണ്ടതില്ലെന്നും പ്രസ്തുത ഫാറം അംഗങ്ങളുടെ വിവരങ്ങൾ പുതുക്കുന്നതിനുള്ള അപേക്ഷാഫാറം ആയതിനാൽ ഫാറം VIII-ലെ ക്രമനമ്പർ 12)-ലെ 'ഉള്ളടക്കം ചെയ്തിട്ടുള്ള രേഖകൾ ' എന്നത് 'പുതുക്കിയ വിവരങ്ങളടങ്ങിയ രേഖകളുടെ

പകർപ്പ് ' എന്നും ക്രമനമ്പർ 12-ലെ ഇനം '1), 2)' എന്നിവ മാത്രം നിലനിർത്തി, അതിന്റെ ഉൾക്കുറിപ്പുകൾ ഒഴിവാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

76. ഫാറം VIII-ലെ 'ഓഫീസ് ആവശ്യത്തിന് ' എന്നതിന് താഴെയായി 'അപേക്ഷ അംഗീകരിച്ചു/നിരസിച്ചു, അപേക്ഷ നിരസിച്ചതിനുള്ള കാരണങ്ങൾ' എന്നിവ രേഖപ്പെടുത്തുന്നതിനുള്ള സ്ഥലവും അവസാന ഭാഗത്ത് ഇടത് വശത്തായി 'സ്ഥലം, തീയതി' എന്നും മദ്ധ്യ ഭാഗത്തായി '(ഓഫീസ് സീൽ)' എന്നും വലത് വശത്തായി 'ഒപ്പ്, പേര്, തസ്തിക' എന്നും ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

77. ഫാറം നം. IX പ്രകാരമുള്ള കുടുംബ പെൻഷൻ ലഭിക്കുന്നവരുടെ വിവരവും രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ഫാറം നം. IX-ന്റെ തലക്കെട്ടായ 'ബോർഡിൽ അംശദായം അടച്ചവരുടെ പെൻഷൻ രജിസ്റ്റർ' എന്നത് 'ബോർഡിൽ അംശദായം അടച്ചവരുടെ പെൻഷൻ, കുടുംബ പെൻഷൻ രജിസ്റ്റർ' എന്നും രണ്ടാം കോളത്തിലെ 'നിലവിലെ വയസ്സ് ' എന്നത് 'വയസ്സ് ' എന്നും മൂന്നാം കോളത്തിലെ 'ഉത്തരവ് ' എന്നത് 'ഉത്തരവ് നമ്പർ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

78. ഫാറം X-ന്റെ മൂന്നാം കോളമായി 'പെൻഷൻ ഉത്തരവ് നമ്പർ' എന്ന് ചേർക്കണമെന്നും ചെറുകിട നാമമാത്ര കർഷക പെൻഷൻ ഗുണഭോക്താക്കളുടെ മരണശേഷം കുടുംബ പെൻഷൻ അനുവദിക്കുന്നുണ്ടെങ്കിൽ കുടുംബ പെൻഷൻ വിവരങ്ങൾ കൂടി ഫാറം X-ൽ ചേർക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

79. ഫാറം XII, XIII, XIV എന്നിവയിലേതുപോലെ ഫാറം XI-ഉം ഏകീകരിക്കുന്നതിനായി, ഫാറം XI-ലെ ക്രമനമ്പർ 4-നുശേഷമുള്ള 'A, B, C, D, E, F, G' എന്നിവ യഥാക്രമം 'എ), ബി), സി), ഡി), ഇ), എഫ്), ജി)' എന്നും 'a, b, c, d, e' എന്നിവ യഥാക്രമം '1., 2., 3., 4., 5.' എന്നും A മുതൽ G വരെയുള്ള c-ലെ 'കൈപ്പറ്റുന്ന വ്യക്തി' എന്നത് 'കൈപ്പറ്റിയ വ്യക്തിയുടെ പേരും തീയതിയും' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

80. ആക്റ്റിലെ വകുപ്പ് 3(5)(സി) പ്രകാരം, അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചതിനുശേഷം കാർഷികവൃത്തിയിൽ നിന്ന് പിൻമാറിയവർക്കും പെൻഷൻ നൽകാവുന്നതാണ്. പെൻഷൻ അപേക്ഷ പൊതുവായ ഫാറത്തിലായതിനാൽ, ഫാറം XII-ന്റെ എ)-ലെ 5-ാം ഇനമായ 'അവസാനത്തെ അംശദായം അടച്ച തീയതി' എന്നത് 'അവസാനമായി അംശദായം അടച്ച തീയതി' എന്നും ബി)-ലെ 4-ാം ഇനമായ 'ഐ.എഫ്.എസ്.സി കോഡ് ' എന്നത് 'ഐ.എഫ്.എസ്. കോഡ് ' എന്നും സി)-ലെ 3-ാം ഇനത്തിലെ അവസാന വാക്ക് 'സ്റ്റേറ്റ്മെന്റ് ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

81. ഫാറം XII-ന്റെ സി)-ലെ 4-ാം ഇനമായി 'തിരിച്ചറിയൽ കാർഡ് ' എന്നും സത്യപ്രസ്താവനയിലെ 'അപേക്ഷകന്റെ ഒപ്പ് ' എന്നതിന് താഴെയായി 'പേര് ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

82. ഫാറം XII-ന്റെ അവസാന ഭാഗത്തായി, 'ഓഫീസ് ആവശ്യത്തിന് ' എന്നും അതിന് താഴെയായി, 'അനുവദിച്ച പെൻഷൻ തുക, അപേക്ഷ നിരസിച്ചതിനുള്ള കാരണങ്ങൾ' എന്നിവ രേഖപ്പെടുത്തുന്നതിനുള്ള സ്ഥലവും അവസാന ഭാഗത്ത് ഇടത് വശത്തായി 'സ്ഥലം, തീയതി' എന്നും മദ്ധ്യ ഭാഗത്തായി '(ഓഫീസ് സീൽ)' എന്നും വലത് ഭാഗത്തായി 'ഒപ്പ്, പേര്, തസ്തിക' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

83. വിവിധ ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കുന്നവർ അവസാനത്തെ അംശദായം അടച്ചിരിക്കണമെന്നില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, ഫാറം XIII-ന്റെ (എ)-ലെ 5-ാം ഇനമായ 'അവസാനത്തെ അംശദായം അടച്ച തീയതി' എന്നത് 'അവസാനമായി അംശദായം അടച്ച തീയതി' എന്നും ബി) 4-ലേയും ഐ) 5 സി-ലേയും 'ഐ.എഫ്.എസ്.സി കോഡ് ' എന്നത് 'ഐ.എഫ്.എസ്. കോഡ് ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

84. ആക്ടിലെ വകുപ്പ് 3(5)(ഇ)-ൽ ഉള്ളതുപോലെ ഏകീകരിക്കുന്നതിനായി, ഫാറം XIII-ന്റെ സി)-ലെ തലക്കെട്ടിലെ 'ശാരീരിക' എന്നത് 'സ്ഥായിയായ ശാരീരിക' എന്നും വകുപ്പ് 3(5)(എഫ്)-ൽ ഉള്ളതുപോലെ ഏകീകരിക്കുന്നതിനായി, ഡി)-ലെ തലക്കെട്ടായ 'ചികിത്സാ സഹായം' എന്നത് 'ചികിത്സാ ധനസഹായം' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

85. ഫാറം XIII-ന്റെ ഡി)-ലെ 2-ാം ഇനമായ 'ചികിത്സാ ബില്ലുകൾ' എന്നത് 'ഗവൺമെന്റ് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ചികിത്സാ ബില്ലുകൾ' എന്നും എഫ്)-ലെ 4-ാം ഇനത്തിലെ 'സമർപ്പിക്കേതാണ് ' എന്നത് 'സമർപ്പിക്കണം' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

86. ആക്ടിലെ വകുപ്പ് 3(5)(എഫ്)-ൽ വനിതാ അംഗങ്ങൾക്കുള്ള പ്രസവ സംബന്ധമായ ആനുകൂല്യങ്ങൾക്ക് നിധി ഉപയോഗിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനാൽ, വിവിധ ആനുകൂല്യങ്ങൾക്കുള്ള ഫാറം XIII-ൽ 'വനിതാ അംഗങ്ങൾക്കുള്ള പ്രസവസംബന്ധമായ ആനുകൂല്യം' എന്നത് കൂടി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

87. ഫാറം XIII-ലെ 'വനിതാ അംഗങ്ങൾക്കുള്ള പ്രസവസംബന്ധമായ ആനുകൂല്യം' എന്ന തലക്കെട്ടിന് താഴെയായി 'മുൻപ് എത്ര തവണ പ്രസവാനുകല്യം കൈപ്പറ്റിയിട്ടുണ്ട്, പ്രസവം നടന്ന തീയതി, കുട്ടിയുടെ ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പ് സമർപ്പിക്കണം എന്നതിന് കീഴിൽ ജനന സർട്ടിഫിക്കറ്റിന്റെ നമ്പർ, തീയതി, നൽകിയ ഓഫീസ് ' എന്നും ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

88. വകുപ്പ് 3(5)(എച്ച്)-ൽ അംഗങ്ങൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കും നഷ്ടപരിഹാരം നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ഫാറം XIII-ന്റെ (ജി)-ലെ

തലക്കെട്ടിലെ 'അവശതയ്ക്കുള്ള നഷ്ടപരിഹാരം' എന്നത് 'അവശതയ്ക്കും കഷ്ടനഷ്ടങ്ങൾക്കുമുള്ള നഷ്ടപരിഹാരം' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

89. ഫാറം XIII-ന്റെ എച്ച്)-ലെ 2-ാം ഇനമായ 'അവസാനം അടച്ച തീയതി' എന്നത് വ്യക്തതയ്ക്കായി 'അംശദായം അവസാനമായി അടച്ച തീയതി' എന്നും സത്യപ്രസ്താവനയിലെ 'ഒപ്പ് ' എന്നതിന് താഴെയായി 'പേര് ' എന്നത് കൂടി ചേർക്കണമെന്നും (സി) മുതൽ (ഐ) വരെയുള്ളവ ഏകീകരിക്കുന്നതിനായി, (ഇ) മുതൽ (ഐ) വരെയുള്ളവയുടെ തലക്കെട്ടിനും അടിവര നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

90. ഫാറം XIII-ന്റെ അവസാന ഭാഗത്തായി, 'ഓഫീസ് ആവശ്യത്തിന് ' എന്നും അതിന് താഴെയായി, 'ഏത് ആനുകൂല്യമാണ് അനുവദിച്ചത്, അനുവദിച്ച തുക, അപേക്ഷ നിരസിച്ചതിനുള്ള കാരണങ്ങൾ' എന്നിവ രേഖപ്പെടുത്തുന്നതിനുള്ള സ്ഥലവും അവസാന ഭാഗത്ത് ഇടത് വശത്തായി 'സ്ഥലം, തീയതി' എന്നും മദ്ധ്യ ഭാഗത്തായി '(ഓഫീസ് സീൽ)' എന്നും വലത് ഭാഗത്തായി 'ഒപ്പ്, പേര്, തസ്തിക' എന്നും ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

91. ഫാറം XIII-ൽ വിവിധ ആനുകൂല്യങ്ങളെ കുറിച്ച് പ്രതിപാദിക്കുന്നുണ്ടെങ്കിലും എത്ര തുക വീതമാണ് നൽകുന്നതെന്ന് വ്യക്തിമാക്കിയിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ഫാറം XIII-ലെ വിവിധ ആനുകൂല്യങ്ങൾക്ക് അനുവദിക്കുന്ന തുകയും അതിനുള്ള വ്യവസ്ഥകളും പദ്ധതിയിൽ ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

92. കുടുംബ പെൻഷനുള്ള അർഹത തീരുമാനിക്കുന്നത് അപേക്ഷ പരിശോധിച്ചതിന് ശേഷമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, ഫാറം നം. XIV-ന്റെ (സി)-ലെ തലക്കെട്ടായ 'കുടുംബപെൻഷന് അർഹരായവരുടെ ബാങ്ക് വിവരങ്ങൾ' എന്നത് 'അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

93. ഫാറം നം. XIV-ന്റെ സി)-ലെ 4-ാം ഇനമായ 'ഐ.എഫ്.എസ്.സി കോഡ് ' എന്നത് 'ഐ.എഫ്.എസ്. കോഡ് ' എന്നും സത്യപ്രസ്താവനയിലെ 'അവകാശിയുടെ ഒപ്പ് ' എന്നത് 'അപേക്ഷകന്റെ ഒപ്പ് ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

94. ഫാറം നം. XIV-ന്റെ അവസാന ഭാഗത്തായി, 'ഓഫീസ് ആവശ്യത്തിന് ' എന്നും അതിന് താഴെയായി, 'അനുവദിച്ച കുടുംബ പെൻഷൻ തുക, അപേക്ഷ നിരസിച്ചതിനുള്ള കാരണങ്ങൾ' രേഖപ്പെടുത്തുന്നതിനുള്ള സ്ഥലവും അവസാന ഭാഗത്ത് ഇടത് വശത്തായി 'സ്ഥലം, തീയതി' എന്നും മദ്ധ്യ ഭാഗത്തായി '(ഓഫീസ് സീൽ)' എന്നും വലത് ഭാഗത്തായി 'ഒപ്പ്, പേര്, തസ്തിക' എന്നും ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

95. ഫാറം നം. XV പ്രകാരം അംഗത്വം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള അപേക്ഷ നൽകുന്നവേളയിൽ അപേക്ഷകൻ അംഗമല്ലാത്തതിനാൽ സത്യപ്രസ്താവനയിലെ 'അംഗത്തിന്റെ പേര് ' എന്നത് 'അപേക്ഷകന്റെ പേര് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

96. ഫാറം നം. XV-ലെ 'ഓഫീസ് ഉപയോഗത്തിന് ' എന്നതിന് താഴെയായി, 'അപേക്ഷ അംഗീകരിച്ചു/നിരസിച്ചു, അപേക്ഷ നിരസിച്ചതിനുള്ള കാരണങ്ങൾ' രേഖപ്പെടുത്തുന്നതിനുള്ള സ്ഥലവും അവസാന ഭാഗത്ത് ഇടത് വശത്തായി 'സ്ഥലം, തീയതി' എന്നും മദ്ധ്യ ഭാഗത്തായി '(ഓഫീസ് സീൽ)' എന്നും വലത് ഭാഗത്തായി 'ഒപ്പ്, പേര്, തസ്തിക' എന്നും ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

97. ഫാറം നം. XVI-ന്റെ തലക്കെട്ടിലെ 'വാർഷിക ലാഭ റിട്ടേൺ' എന്നത് 'വാർഷിക റിട്ടേൺ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

98. നിലവിൽ ഒരു വ്യാപാരി കേരള കർഷക ക്ഷേമനിധിയിൽ രജിസ്ട്രേഷൻ നടത്തേണ്ടതില്ലാത്തതിനാൽ, ഫാറം നം. XVI-ന്റെ ഭാഗം എ-ലെ ഇനം 2-ലെ 'കർഷകക്ഷേമ നിധി രജിസ്ട്രേഷൻ നമ്പർ (ലഭിച്ചിട്ടുണ്ടെങ്കിൽ)' എന്നത് ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

99. ഫാറം നം. XVI-ന്റെ ഭാഗം എ-യിലെ ഇനം 2-ലെ 'കർഷക ക്ഷേമ നിധി' എന്നത് 'കേരള കർഷക ക്ഷേമനിധി' എന്നും ഇനം 3-ലെ 'കർഷക ക്ഷേമനിധി ബോർഡ്' എന്നത് 'കേരള കർഷക ക്ഷേമനിധി ബോർഡ് ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

100. ചട്ടം 10(1) പ്രകാരം വ്യാപാരി വിറ്റുവരവും ലാഭവും റിട്ടേണിൽ കാണിക്കേണ്ടതാണെന്നും വിറ്റുവരവ് വെളിപ്പെടുത്താതെ ലാഭം കണക്കാക്കുവാൻ സാധിക്കുകയില്ലെന്നും സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ഫാറം നം. XVI-ന്റെ ഭാഗം ബി-യിൽ 'കച്ചവടത്തിൽ നിന്നുള്ള വിറ്റുവരവ് (രൂപയിൽ)' എന്നത് ഇനം 5 ആയി ചേർക്കണമെന്നും വ്യാപാരത്തിൽ ലാഭവും നഷ്ടവും ഉണ്ടാകാമെന്നതിനാൽ, നിലവിലെ ഇനം 5-ലെ 'ലാഭം' എന്നത് 'ലാഭം/നഷ്ടം' എന്നാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

101. ഫാറം നം. XVI-ന്റെ ഭാഗം ബി-ലെ നിലവിലെ ഇനം 5 മുതൽ 7 വരെയുള്ളവ പുനരക്കം ചെയ്യണമെന്നും ഇനം 6-ലെ 'കർഷകക്ഷേമ നിധി' എന്നത് 'കേരള കർഷക ക്ഷേമനിധി' എന്നാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

102. കേരള കർഷക ക്ഷേമനിധി ചട്ടങ്ങളിലെ ചട്ടം 10-ലാണ് റിട്ടേണിനോടൊപ്പം സമർപ്പിക്കേണ്ട രേഖകളെ കുറിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതിനാൽ, ഫാറം നം. XVI-ന്റെ ഭാഗം ബി-യുടെ ഇനം 7-ലെ 'കർഷക ക്ഷേമനിധി ചട്ടം 9' എന്നത് 'കേരള കർഷക ക്ഷേമനിധി ചട്ടം 10' എന്നും 7(3)-ലെ 'അക്കൗണ്ടന് റ്' എന്നത് 'അക്കൗണ്ടന്റ്' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

103. ഫാറം നം. XVI-ന്റെ സത്യപ്രസ്താവനയിലെ നാലാം വരിയിലെ '2020-ലെ കേരള കർഷകക്ഷേമ നിധി ചട്ടങ്ങൾ' എന്നത് '2021-ലെ കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

104. ഫാറം നം. XVI-ലെ 'ഓഫീസ് ഉപയോഗത്തിന് ' എന്നതിന് താഴെയായി, 'സ്വീകരിച്ച കാർഷിക ഇൻസെന്റീവ് തുക, റിട്ടേൺ നിരസിച്ചതിനുള്ള കാരണങ്ങൾ' എന്നിവ രേഖപ്പെടുത്തുന്നതിനുള്ള സ്ഥലവും അവസാന ഭാഗത്ത് ഇടത് വശത്തായി 'സ്ഥലം, തീയതി' എന്നും മദ്ധ്യ ഭാഗത്തായി '(ഓഫീസ് സീൽ)' എന്നും വലത് ഭാഗത്തായി 'ഒപ്പ്, പേര്, തസ്തിക' എന്നും ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

105. ഫാറം നം. XVII-ന് താഴെയുള്ള 'കേരള കർഷക ക്ഷേമനിധി ബോർഡ് ' എന്നത് 'കേരള കർഷക ക്ഷേമനിധി' എന്നും തലക്കെട്ടിലെ 'SEZ-ലൊ' എന്നത് 'സ്പെഷ്യൽ ഇക്കണോമിക് സോണിലോ' എന്നും 'കേരള കർഷകക്ഷേമ നിധി' എന്നത് 'കേരള കർഷക ക്ഷേമനിധി' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

106. നിലവിൽ ഒരു വ്യാപാരി കേരള കർഷക ക്ഷേമനിധിയിൽ രജിസ്ട്രേഷൻ നടത്തേണ്ടതില്ലാത്തതിനാൽ, ഫാറം നം. XVII-ന്റെ ക്രമനമ്പർ 2-ലെ 'കേരള കർഷകക്ഷേമ നിധി ബോർഡിന്റെ രജിസ്ട്രേഷൻ നമ്പർ' എന്നത് ഒഴിവാക്കണമെന്നും അതിന് താഴെയുള്ള, '2020-ലെ കേരള കർഷകക്ഷേമ നിധി ചട്ടങ്ങളിലെ' എന്നത് '2021-ലെ കേരള കർഷക ക്ഷേമനിധി ചട്ടങ്ങളിലെ' എന്നും 'ഇൻസന്റീവ് ' എന്നത് ' ഇൻസെന്റീവ് ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

107. ഫാറം നം. XVII-ന്റെ അവസാന ഭാഗത്ത് ഇടത് വശത്തായി 'സ്ഥലം, തീയതി' എന്നും മദ്ധ്യ ഭാഗത്തായി '(ഓഫീസ് സീൽ)' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

108. ഫാറം നം. XVIII-ന്റെ തലക്കെട്ടായ 'കേരള കർഷകക്ഷേമ നിധി സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ ' എന്നത് 'കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

109. ഫാറം നം. XVIII-ലെ '[ചട്ടം 11 കാണുക]' എന്നത് '[ചട്ടം 11(3) കാണുക]' എന്നും മൂന്നാം കോളത്തിലെ 'ആർക്ക് നൽകി' എന്നത് 'വിതരണം ചെയ്തത് ' എന്ന് രേഖപ്പെടുത്തിയിരിക്കുന്ന കോളത്തിന് മുൻപായി ചേർത്തും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

110. കേരള കർഷക ക്ഷേമനിധി ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ അൻപത്തിയാറ് വയസ്സ് പൂർത്തിയായ ഏതൊരു കർഷകനും ഈ ക്ഷേമനിധിയിൽ അംഗമാകുന്നതിനും അംശദായം അടയ്ക്കുന്നതിനും അറുപത് വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് പെൻഷൻ ലഭിക്കുന്നതിനും അർഹതയുണ്ടെന്ന് ആക്റ്റിലെ വകുപ്പ് 3(5)(എ)-യുടെ ക്ലിപ്ത നിബന്ധനയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, വകുപ്പ് 4(1)-ലെ രണ്ടാം ക്ലിപ്ത നിബന്ധന പ്രകാരം, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ അൻപത്തിയാറ് വയസ്സ് പൂർത്തിയായ ഏതൊരു കർഷകനും അറുപത്തിയഞ്ച് വയസ്സ് വരെ നിധിയിൽ അംഗമാകുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണെന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. വകുപ്പ് 3(5)(എ) പ്രകാരം, ഈ ആക്റ്റിന്റെ പ്രാരംഭ തീയതിയിൽ അൻപത്തിയാറ് വയസ്സ് പൂർത്തിയായ കർഷകന് അറുപത് വയസ്സിൽ പെൻഷൻ ലഭിക്കുമെന്നിരിക്കെ, വകുപ്പ് 4(1)-ലെ രണ്ടാം ക്ലിപ്ത നിബന്ധന പ്രകാരം അറുപത്തിയഞ്ച് വയസ്സ് വരെ അംഗമാകാമെന്നത് വൈരുദ്ധ്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, വകുപ്പ് 4(1)-ലെ രണ്ടാം ക്ലിപ്ത നിബന്ധനയിലെ 'അറുപത്തിയഞ്ച് വയസ്സ് ' എന്നത് 'അറുപത് വയസ്സ് ' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

111. ആക്റ്റിലെ വകുപ്പ് 7 പ്രകാരം, കേന്ദ്രീകൃത വിവര സാങ്കേതികവിദ്യയിലൂന്നിയ സംവിധാനത്തിലൂടെ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ വിവരങ്ങൾ ബോർഡ് കാലാനുസൃതമായി പുതുക്കേണ്ടതാണെന്ന് വിവക്ഷിക്കുന്നു. വകുപ്പ് 4(2) പ്രകാരം അംഗത്വത്തിനായുള്ള അപേക്ഷകൾ നേരിട്ട് കൃഷി ഭവനിലും നൽകാവുന്നതാണെന്നതിനാൽ, അങ്ങനെ ലഭിക്കുന്ന അപേക്ഷകൾ ഉടനടി ഡേറ്റ എൻട്രി നടത്തുന്നതിന് സംവിധാനം ഉണ്ടാകണമെന്നും അങ്ങനെ ചെയ്യുകയാണെങ്കിൽ പ്രസ്തുത വിവരങ്ങൾ ക്രോഡീകരിക്കുവാൻ സഹായമാകുമെന്നും സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, അംഗത്വത്തിനായി കൃഷി ഭവനിൽ നേരിട്ട് ലഭിക്കുന്ന അപേക്ഷകൾ ഉടനടി ഡേറ്റ എൻട്രി നടത്തുന്നതിന് സംവിധാനമുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

112. ആക്റ്റിലെ വകുപ്പ് 29(1) പ്രകാരം, ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിന് നിലവിലുള്ള കിസാൻ അഭിമാൻ പദ്ധതിയുടെ കണക്കിലുണ്ടായിരുന്ന എല്ലാ തുകകളും നിധിയിലേക്ക് കൈമാറ്റം ചെയ്യണമെന്നും അതിനായി, സർക്കാർ വിജ്ഞാപനം ചെയ്യണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, അതിലേക്കായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. അതിനാൽ, ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനായി, നിലവിലുള്ള കിസാൻ അഭിമാൻ പദ്ധതിയുടെ കണക്കിലുണ്ടായിരുന്ന എല്ലാ തുകകളും നിധിയിലേക്ക് കൈമാറ്റം ചെയ്തുകൊണ്ട് അടിയന്തിരമായി വിജ്ഞാപനം പ്രസിദ്ധപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**എസ്.ആർ.ഒ. നമ്പർ 88/2022**

***

113. 2021-ലെ കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ വിജ്ഞാപനം വഴി സർക്കാർ നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണെന്ന് ചട്ടം 1(2)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിനാലാണ് എസ്.ആർ.ഒ. നമ്പർ 88/2022 പ്രകാരം, പ്രസ്തുത ചട്ടങ്ങൾക്ക് 2019-ലെ കേരള കർഷക ക്ഷേമനിധി ആക്റ്റ് നിലവിൽ വന്ന 2019 ഡിസംബർ 20 മുതൽ മുൻകാല പ്രാബല്യം നൽകിയിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. 2021-ലെ കേരള കർഷക ക്ഷേമനിധി ചട്ടങ്ങളുമായി ബന്ധപ്പെട്ട ഉത്തരവ് 273/2021-ാം നമ്പർ എസ്.ആർ.ഒ. ആയി വിജ്ഞാപനം ചെയ്തത് 2021 ഫെബ്രുവരി 26-നാണെന്നും പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 1(2) പ്രകാരം 2021-ലെ കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾക്ക് പ്രാബല്യം നൽകിയിരിക്കുന്ന ഉത്തരവ് ഗസറ്റ് വിജ്ഞാപനം ചെയ്തിരിക്കുന്നത് 2022 ജനുവരി 25-നാണെന്നും സമിതി നിരീക്ഷിക്കുന്നു. അതായത് ചട്ടങ്ങൾ ഗസറ്റ് വിജ്ഞാപനം ചെയ്ത് പതിനൊന്ന് മാസത്തിനുശേഷമാണ് പ്രസ്തുത ചട്ടങ്ങൾക്ക് പ്രാബല്യം നൽകുന്ന തീയതി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതെന്ന് സമിതി കണ്ടെത്തുന്നു. ചട്ടങ്ങൾക്ക് പ്രാബല്യം നൽകുന്നതിന് ഇത്രയും നീണ്ട കാലയളവ് വേണ്ടിവന്നത് ന്യായീകരിക്കുവാൻ സാധിക്കുന്ന ഒന്നല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ച സംഭവിക്കാതിരിക്കാൻ വകുപ്പ് ജാഗ്രത പാലിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

114. 2021-ലെ കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ കേരള കർഷക ക്ഷേമനിധി ആക്റ്റ് നിലവിൽ വന്ന 2019 ഡിസംബർ 20 മുതൽ മുൻകാല പ്രാബല്യം നൽകി കൊണ്ടാണ് ഗസറ്റ് വിജ്ഞാപനം ചെയ്തിരിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത ചട്ടങ്ങൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത് 2021 ഫെബ്രുവരി 26-നാണ് എന്നതിനാൽ, അപ്പോൾ തന്നെ, 'ഈ ചട്ടങ്ങൾ വിജ്ഞാപനം വഴി സർക്കാർ നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ് എന്നതിനുപകരം 'ഈ ചട്ടങ്ങൾ 2019 ഡിസംബർ 20 മുതൽ പ്രാബല്യത്തിൽ വരുന്നതാണ് ' എന്ന് ചട്ടം 1(2)-ൽ വ്യവസ്ഥ ചെയ്യാമായിരുന്നുവെന്നും അങ്ങനെയായിരുന്നെങ്കിൽ എസ്.ആർ.ഒ. നമ്പർ 88/2022 ഒഴിവാക്കാമായിരുന്നുവെന്നും സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ച സംഭവിക്കാതിരിക്കാൻ ജാഗ്രത പാലിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

115. 'ഐ.എ.എസ്.' എന്നത് ഔദ്യോഗിക സ്ഥാനപ്പേര് അല്ലാത്തതിനാൽ, ഗവർണറുടെ ഉത്തരവിൻപ്രകാരം എന്നതിന് താഴെയുള്ള '**പി.എം. അലി അസ്ഗർ പാഷ, ഐ.എ.എസ്.,**' എന്നതിലെ '**ഐ.എ.എസ്.,**' എന്നത് ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

116. വിശദീകരണക്കുറിപ്പിലെ 'ഉദ്ദശിച്ചുകൊണ്ടുള്ളതാണ്' എന്നത് 'ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ' എന്നാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## കേരള കർഷക ക്ഷേമനിധി ബോർഡ്

## (എസ്.ആർ.ഒ. നമ്പർ 708/2020)

***

117. 2019-ലെ കേരള കർഷക ക്ഷേമനിധി ആക്റ്റ് എന്നതിലെ 'ആക്റ്റ് ' എന്ന വാക്ക് 'ആക്ട് ' എന്നാണ് വിജ്ഞാപനത്തിൽ ഉപയോഗിച്ചിരിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, പീഠികയിലെ ഒന്നാം വരിയിലെ 'ആക്ടിലെ' എന്നത് 'ആക്റ്റിലെ' എന്നും വിശദീകരണക്കുറിപ്പിലെ ഒന്നാം വരിയിലെ 'ആക്ട് ' എന്നത് 'ആക്റ്റ് ' എന്നും രണ്ടാം വരിയിലെ 'ആക്ടിന്റെ' എന്നത് 'ആക്റ്റിന്റെ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

118. 2019-ലെ കേരള കർഷക ക്ഷേമനിധി ആക്റ്റിലെ (2019-ലെ 26) 11-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ടുള്ളതാണ് എസ്.ആർ.ഒ. നമ്പർ 708/2020 എന്നും ആക്റ്റിലെ 11(3)-ാം വകുപ്പ് പ്രകാരം പ്രസ്തുത ബോർഡിൽ ചെയർപേഴ്സനെയാണ് നാമനിർദ്ദേശം ചെയ്യേണ്ടതെന്നും സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, പീഠികയിലെ മൂന്നാം വരിയിലെയും വിശദീകരണക്കുറിപ്പിലെ ഏഴാം വരിയിലെയും 'ചെയർമാനെയും' എന്നത് 'ചെയർപേഴ്സനെയും' എന്നും പട്ടികയിലെ ക്രമനമ്പർ 1-ന്റെ ഉൾക്കുറിപ്പിലെ 'ചെയർമാൻ' എന്നത് 'ചെയർപേഴ്സൺ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

119. ആക്റ്റിലെ വകുപ്പ് 11 (3), (4) എന്നിവ പ്രകാരം ചെയർപേഴ്സണും ഡയറക്ടർമാരുമാണ് ബോർഡിലുള്ളതെങ്കിലും പട്ടികയിലെ രണ്ടാം കോളത്തിൽ ശീർഷകമായി അംഗങ്ങൾ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, രണ്ടാം കോളത്തിലെ 'അംഗങ്ങൾ' എന്നത് 'ചെയർപേഴ്സൺ/ഡയറക്ടർ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

120. പട്ടികയിലെ ക്രമനമ്പർ 2-ലെ 'കാർഷികോത്പാദന കമ്മിഷണർ' എന്നത് ആക്റ്റിലെ വകുപ്പ് 11(4)(i)-ലേതുപോലെ 'കാർഷികോൽപാദന കമ്മീഷണർ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

121. പട്ടികയിലെ ക്രമനമ്പർ 4-ലെ 'കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ' എന്നത് ആക്റ്റിലെ വകുപ്പ് 11(4)(iii)-ലേതുപോലെ 'കാർഷിക വികസനവും കർഷക ക്ഷേമവും വകുപ്പ് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

122. ധനകാര്യ വകുപ്പിലും നിയമ വകുപ്പിലും ജോയിന്റ് സെക്രട്ടറിമാരുടെ പദവിയിൽ താഴെയല്ലാത്ത ഒന്നിലധികം ഉദ്യോഗസ്ഥർ ഉള്ളതിനാൽ, പട്ടികയിലെ

ക്രമനമ്പർ 6-ലും 7-ലും ' ജോയിന്റ് സെക്രട്ടറിമാരുടെ പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ' എന്ന് ചേർത്താൽ, പ്രസ്തുത ഉദ്യോഗസ്ഥൻ ആരാണെന്ന് അറിയുവാൻ സാധിക്കുകയില്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. അതിനാൽ, ജോയിന്റ് സെക്രട്ടറിമാരുടെ പദവിയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥന്റെ പേരും തസ്തികയും വ്യക്തമായി പട്ടികയിലെ ക്രമനമ്പർ 6-ലും 7-ലും ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

123. പട്ടികയിലെ ക്രമനമ്പർ 8-ലെ 'വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ ' എന്നത് ആക്ടിലെ വകുപ്പ് 11(4)(vii)-ലേതുപോലെ 'വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

124. പട്ടികയിലെ ക്രമനമ്പർ 9-ലെ 'വിദഗ്ധ' എന്നത് ആക്ടിലെ വകുപ്പ് 11(4)(viii)-ലേതുപോലെ 'വിദഗ്ദ്ധ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

125. ബോർഡിലെ ഡയറക്ടർമാർ ഏത് വിഭാഗത്തിൽ നിന്നുള്ളവരാണെന്ന് തിരിച്ചറിയുന്നതിനായി, പട്ടികയിലെ ക്രമനമ്പർ 10-ലെ ഇനം (v)-ലെ 'ബി. എ. അഷറഫ്, യുവ കർഷകൻ ' എന്നത് ഇനം (vi)-ലേതുപോലെ, 'ബി. എ. അഷറഫ് (യുവ കർഷകൻ)' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

126. പട്ടികയിലെ ക്രമനമ്പർ 1, 10-ലെ ഇനം (ii), (v), (vi), (vii), (viii), (ix), (x) എന്നിവയിലെ ഉൾക്കുറിപ്പിൽ പിൻകോഡ് നമ്പർ രേഖപ്പെടുത്തി, മറ്റ് ഇനങ്ങളിലേതു പോലെ ഏകീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

127. 'ഐ.ഐ.എസ്.' എന്നത് ഔദ്യോഗിക സ്ഥാനപ്പേര് അല്ലാത്തതിനാൽ, പട്ടികയിലെ ക്രമനമ്പർ 11-ലെ 'ശ്രീ.സുബ്രഹ്മണ്യൻ IIS' എന്നതിലെ 'IIS' എന്നത് ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**എസ്.ആർ.ഒ. നമ്പർ 294/2022**

***

128. 2019-ലെ കേരള കർഷക ക്ഷേമനിധി ആക്ട് എന്നതിലെ 'ആക്ട് ' എന്ന വാക്ക് 'ആക്ട് ' എന്നാണ് വിജ്ഞാപനത്തിൽ ഉപയോഗിച്ചിരിക്കുന്നതെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, പീഠികയിലെയും വിശദീകരണക്കുറിപ്പിലെയും ഒന്നാം വരിയിലെ 'ആക്ടിലെ' എന്നത് 'ആക്ടിലെ' എന്നും 'ആക്ട്' എന്നത് 'ആക്ട്' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

129. പീഠികയിലെ രണ്ട്, മൂന്ന് വരികളിലെയും വിശദീകരണക്കുറിപ്പിലെ മൂന്ന്, നാല് വരികളിലെയും 'തീയ്യതിയിലെ' എന്നത് 'തീയതിയിലെ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

130. ആക്റ്റിലെ വകുപ്പ് 11(3), (4) എന്നിവ പ്രകാരം ചെയർപേഴ്സണും ഡയറക്ടർമാരുമാണ് ബോർഡിലുള്ളതെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ, ഭേദഗതി വിജ്ഞാപനത്തിലെ ഒന്നാം വരിയിലെ "അംഗങ്ങൾ" എന്നത് 'ചെയർപേഴ്സൺ / ഡയറക്ടർ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

131. എസ്.ആർ.ഒ. നമ്പർ 708/2020-ന്റെ പട്ടികയിലെ ക്രമനമ്പർ 10-ലെ ഇനം (i)-ലേതു പോലെ പിൻകോഡിനുശേഷം '-ഡയറക്ടർ' എന്ന് ക്രമനമ്പർ 10-ലെ ഇനം (i), (ix) എന്നിവയിൽ ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

132. 'ഐ.എ.എസ്.' എന്നത് ഔദ്യോഗിക സ്ഥാനപ്പേര് അല്ലാത്തതിനാൽ, ഗവർണറുടെ ഉത്തരവിൻപ്രകാരം എന്നതിന് താഴെയുള്ള '**പി.എം. അലി അസ്ഗർ പാഷ, ഐ.എ.എസ്.,**' എന്നതിലെ '**ഐ.എ.എസ്.,**' എന്നത് ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

133. എസ്.ആർ.ഒ.-കളുടെ സൂക്ഷ്മപരിശോധനയിലൂടെയും തെളിവെടുപ്പിലൂടെയും സമിതിയ്ക്ക് ബോധ്യപ്പെട്ട വസ്തുതകളുടെ അടിസ്ഥാനത്തിൽ എസ്.ആർ.ഒ.-കളിൽ വരുത്തേണ്ട മാറ്റങ്ങൾ സമിതിയുടെ ശിപാർശകളായി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സമിതിയുടെ ശിപാർശകൾക്ക് സർക്കാർ സജീവ പരിഗണനയും ശ്രദ്ധയും നൽകുമെന്ന പ്രതീക്ഷ സമിതിക്കുണ്ട്. പ്രസ്തുത ശിപാർശകൾ നടപ്പാക്കുന്നതിലൂടെ മേൽ എസ്.ആർ.ഒ.-കളിലെ ന്യൂനതകൾ പരിഹരിക്കപ്പെടുമെന്ന് സമിതി പ്രത്യാശിക്കുന്നു.

എം. എം. മണി,

തിരുവനന്തപുരം,

*ചെയർമാൻ,*

2024 ജനുവരി 30.

*സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി.*

അനുബന്ധം I

©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KI/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2021 ഫെബ്രുവരി 26<br>26th February 2021<br>1196 കുംഭം 14<br>14th Kumbham 1196<br>1942 ഫാൽഗുനം 7<br>7th Phalguna 1942 | നമ്പർ<br>No. | 1011 |

### കേരള സർക്കാർ

### കൃഷി (പി. ബി.) വകുപ്പ്

### വിജ്ഞാപനം

സ. ഉ.(അച്ചടി) നമ്പർ 4/2021/കൃഷി. *തിരുവനന്തപുരം, 2021 ഫെബ്രുവരി 26 / 1196 കുംഭം 14.*

**എസ്. ആർ. ഒ. നമ്പർ 273/2021**

2019-ലെ കേരള കർഷക ക്ഷേമനിധി ആക്റ്റിലെ (2019-ലെ 26-ാം ആക്റ്റ്) 28-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:–

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ചട്ടങ്ങൾ

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.–(1) ഈ ചട്ടങ്ങൾക്ക് 2021-ലെ കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഈ ചട്ടങ്ങൾ വിജ്ഞാപനം വഴി സർക്കാർ നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവ്വചനങ്ങൾ</u>.–(1) ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,–

(എ) "ആക്ട്" എന്നാൽ 2019-ലെ കേരള കർഷക ക്ഷേമനിധി ആക്ട് (2019-ലെ 26) എന്നർത്ഥമാകുന്നു;

(ബി) "അസിസ്റ്റന്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ" എന്നാൽ ആക്ടിന്റെ 11-ാം വകുപ്പ് (5)-ാം ഉപവകുപ്പിന്റെ (iii)-ാം ഇനം പ്രകാരം അതാത് മേഖലയിൽ നിയമിക്കപ്പെട്ട അസിസ്റ്റന്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നർത്ഥമാകുന്നു;

(സി) "അംശദായം" എന്നാൽ ആക്ടിന്റെ 8-ാം വകുപ്പ് പ്രകാരം നിധിയിലേക്ക് കർഷകൻ നൽകേണ്ടതായ തുക എന്നർത്ഥമാകുന്നു;

(ഡി) "ഫാറം" എന്നാൽ ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം എന്നർത്ഥമാകുന്നു;

(ഇ) "വകുപ്പ്" എന്നാൽ ആക്ടിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു;

(എഫ്) "മൂല്യവർദ്ധിത ഉത്പ്പന്നം" എന്നാൽ കർഷകൻ കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട് ഉത്പാദിപ്പിക്കുന്ന ഉത്പ്പന്നം ഒരു അസംസ്കൃത ഘടകമാക്കിക്കൊണ്ട് ഉപഭോക്തൃ വാണിജ്യ വ്യാവസായിക ആവശ്യങ്ങൾക്കായി ഉണ്ടാക്കപ്പെടുന്ന ഉയർന്ന മൂല്യമുള്ള മറ്റൊരു ഉത്പ്പന്നം എന്നർത്ഥമാകുന്നു.

<u>വിശദീകരണം</u>.–ഈ ചട്ടങ്ങളുടെ ആവശ്യത്തിലേയ്ക്കായി സർക്കാരിന് കാർഷികോത്പ്പന്നങ്ങൾ ഒരു ഘടകമാക്കിക്കൊണ്ടുള്ള മൂല്യവർദ്ധിതോത്പ്പന്നങ്ങളെ ഉത്തരവ് വഴി പൊതുവായി നിശ്ചയിക്കാവുന്നതും അവ കാലാനുസൃതം പുതുക്കാവുന്നതും അതിൽ ഉൾപ്പെടാത്ത ഏതെങ്കിലും ഉത്പ്പന്നം മൂല്യവർദ്ധിതോത്പ്പന്നം ആണോ അല്ലയോ എന്ന് തർക്കമുണ്ടാകുന്ന സംഗതിയിൽ ആയത് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സർക്കാരിലേക്ക് റഫർ ചെയ്യേണ്ടതും അതിന്മേൽ സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷേ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്ടിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും യഥാക്രമം ആക്ടിൽ അവയ്ക്ക് നൽകപ്പെട്ടിട്ടുള്ള അർത്ഥം തന്നെ ആയിരിക്കുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. നിധിയിലേക്ക് അംശദായം അടയ്ക്കുകയും അഞ്ച് വർഷം പൂർത്തിയായില്ല എന്ന കാരണത്താൽ ആനുകൂല്യങ്ങൾക്ക് അർഹത ഇല്ലാത്തവർക്കും മരണപ്പെട്ട അംഗത്തിന്റെ അവകാശികൾക്കും തുക തിരികെ നൽകുന്നത്.–(1) നിധിയിൽ അംഗമായി അംശദായം അടയ്ക്കുകയും എന്നാൽ അഞ്ച് വർഷം പൂർത്തിയായില്ല എന്ന കാരണത്താൽ ആനുകൂല്യങ്ങൾക്ക് അർഹതയില്ലാത്തവർക്ക് നിധിയിലേയ്ക്ക് അടച്ച അംശദായം, പിഴയോ, പിഴപ്പലിശയോ, ഭരണപരമായ ചെലവോ (Administration Cost) മറ്റ് കിഴിവുകളോ ചുമത്താതെ പൂർണ്ണമായി തിരികെ ലഭിക്കുന്നതാണ്.

(2) ഭാഗികമായി അടച്ച അംശദായം (1)-ാം ഉപചട്ടപ്രകാരം മറ്റ് കിഴിവുകൾ വരുത്താതെ തിരികെ നൽകുന്നതിനാൽ അടച്ച അംശദായത്തിന് പലിശ ലഭിക്കുന്നതല്ല;

(3) ഭാഗീകമായി അടച്ച അംശദായം (1)-ാം ഉപവകുപ്പ് പ്രകാരം തിരികെ ലഭിക്കുന്നതിനായി അംഗമായിരുന്ന ആൾ അയാളുടെ അംഗത്വം അവസാനിച്ച തീയതി മുതൽ ഒരു വർഷത്തിനകം ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടതാകുന്നു.

(4) അംശദായം മുടക്കം കൂടാതെ അടയ്ക്കുകയും അംഗം മരണപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ നിയമാനുസൃത അവകാശികൾ അംഗം മരണമടഞ്ഞ തീയതി മുതൽ ഒരു വർഷത്തിനകം ബോർഡിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അത്തരം സാഹചര്യത്തിൽ പ്രസ്തുത അവകാശികൾക്ക് അംഗം മരണമടഞ്ഞ തീയതിവരെ അടച്ച അംശദായവും അതിന് ബോർഡ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പലിശയും ഉൾപ്പെടെ തിരികെ ലഭിക്കുന്നതാണ്;

(5) അംഗം മരണമടഞ്ഞ തീയതി മുതൽ ഒരു വർഷത്തിനകം (4)-ാം ഉപചട്ടത്തിൽ പറയുന്ന അപേക്ഷ സമർപ്പിക്കാത്തപക്ഷം പ്രസ്തുത തുക നിധിയിൽ മുതൽക്കൂട്ടുന്നതാണ്. എന്നാൽ മരണമടഞ്ഞ അംഗത്തിന്റെ നിയമപരമായ അവകാശികൾക്ക് മൂന്നു വർഷത്തിനുള്ളിൽ മതിയായ കാരണം ബോധിപ്പിച്ചു കൊണ്ട് അംശദായം തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷ ബോർഡിനു നൽകാവുന്നതും സർക്കാർ അനുമതിയോടുകൂടി ബോർഡിനു തീരുമാനം എടുക്കാവുന്നതുമാണ്.

(6) ഭാഗികമായി അടച്ച അംശദായം തിരികെ ലഭിക്കുന്നതിനായി ഫാറം II-ൽ അപേക്ഷിക്കേണ്ടതാണ്.

4. അംഗത്വ സർട്ടിഫിക്കറ്റ്, തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ്, പാസ്സ്ബുക്ക്, രജിസ്റ്ററുകൾ എന്നിവ.–(1) നിധിയിൽ അംഗത്വം ലഭിക്കുന്നതിനായി കർഷകൻ അയാളുടെ കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം, വില്ലേജാഫീസിൽ നിന്നും ലഭിക്കുന്ന അപേക്ഷകന്റെ വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ്, വയസ്സ് തെളിയിക്കുന്ന രേഖ, ആധാർ കാർഡ് എന്നിവ സഹിതം, നിർദ്ദിഷ്ട രജിസ്ട്രേഷൻ ഫീസ് അടച്ചശേഷം, ഫാറം I -ൽ അപേക്ഷ ഓൺലൈനായി കോമൺ സർവ്വീസ് സെന്ററുകൾ മുഖേനയോ, അക്ഷയ സെന്റർ മുഖേനയോ, സർക്കാർ കാലാകാലങ്ങളിൽ അംഗീകരിക്കുന്ന മറ്റ് ഏജൻസികൾ മുഖേനയോ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അല്ലെങ്കിൽ നേരിട്ടോ അപ്‌ലോഡ് ചെയ്യേണ്ടതാണ്. കൂടാതെ ഫാറം I-ലെ അപേക്ഷ, ബന്ധപ്പെട്ട രേഖകളും രജിസ്ട്രേഷൻ ഫീസ് അടച്ച ചെലാനും സഹിതം കൃഷി ഭവനിലും സമർപ്പിക്കാവുന്നതാണ്. ഇപ്രകാരം അപ് ലോഡ് ചെയ്ത/സമർപ്പിച്ച അപേക്ഷകൾ ക്രമപ്രകാരമാണെന്ന് കൃഷി ഓഫീസർക്ക് ബോധ്യപ്പെട്ടാൽ അപേക്ഷകന്റെ രജിസ്ട്രേഷൻ അംഗീകരിക്കേണ്ടതാണ്.

(2) (1)-ാം ഉപചട്ടപ്രകാരം അംഗമായി രജിസ്റ്റർ ചെയ്യപ്പെടുന്ന അപേക്ഷകന്റെ അംഗത്വം ബോർഡ് അംഗീകരിക്കുന്ന മുറയ്ക്ക് ആദ്യഗഡു അംശദായം അടയ്ക്കുവാനുള്ള നിർദ്ദേശം ബോർഡിൽ നിന്നും അപേക്ഷകന് എസ്.എം.എസ് വഴിയും/ രേഖാമൂലമോ/ ഇലക്ട്രോണിക് രൂപത്തിലോ നൽകുന്നതാണ്.

(3) (1)-ാം ഉപചട്ടപ്രകാരം സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ ക്രമപ്രകാരമല്ലെന്നോ അപേക്ഷകൻ കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ഒരാൾ അല്ലെന്നോ അല്ലെങ്കിൽ മറ്റേതെങ്കിലും കാരണത്താൽ അംഗമായി രജിസ്റ്റർ ചെയ്യപ്പെടുന്നതിന് അയോഗ്യനാണെന്നോ പ്രാഥമികമായി കണ്ടെത്തുന്നപക്ഷം അപേക്ഷ സ്വീകരിച്ച കൃഷി ഓഫീസർ പ്രസ്തുത അപേക്ഷകന് പറയുവാൻ ന്യായമായ ഒരു അവസരം നൽകികൊണ്ട് അപേക്ഷ നിരസിക്കേണ്ടതും നിരസിച്ചതിനുള്ള കാരണം സഹിതം അപേക്ഷകന് കത്ത്/അറിയിപ്പ് നൽകേണ്ടതുമാണ്.

(4) ഇപ്രകാരം അറിയിപ്പ് നൽകി മുപ്പത് ദിവസത്തിനകം അപേക്ഷകൻ ലഭ്യമാക്കുന്ന വസ്തുതകൾ പരിഗണിച്ച ശേഷം കൃഷി ഓഫീസർക്ക് അപേക്ഷകന്റെ രജിസ്ട്രേഷൻ അംഗീകരിക്കുകയോ അല്ലെങ്കിൽ രജിസ്ട്രേഷൻ നിരസിക്കുകയോ ചെയ്യാവുന്നതാണ്.

(5) (4)-ാം ഉപചട്ടപ്രകാരം നിരസിച്ച അപേക്ഷയുടെ വിവരം ഇലക്ട്രോണിക് രൂപത്തിലോ രേഖാമൂലമോ നൽകേണ്ടതാണ്.

(6) നിധിയിൽ അംഗമായി രജിസ്റ്റർ ചെയ്യപ്പെട്ട കർഷകർ ആദ്യഗഡു അംശദായം ഇ-ചെലാൻ മുഖേനയോ ഓൺലൈൻ മുഖേനയോ അടയ്ക്കേണ്ടതും തുടർന്നുള്ള ഗഡുക്കൾ ഓട്ടോ ഡെബിറ്റ് സംവിധാനം മുഖേന അക്കൗണ്ടിൽ നിന്നും പിൻവലിക്കുന്നതിനുള്ള സമ്മതപത്രം ബാങ്കുകൾക്ക് നൽകുകയോ അല്ലാത്തപക്ഷം ഇ-ചെലാൻ മുഖേന അംശദായം അടയ്ക്കുകയോ ചെയ്യേണ്ടതാണ്. ഇതിനാവശ്യമായ അക്കൗണ്ടുകൾ ബോർഡ് ആരംഭിക്കേണ്ടതാണ്. തുടർന്നുള്ള അംശദായ ഗഡുക്കൾ അംഗങ്ങൾ എല്ലാമാസവും പത്താം തീയതിയ്ക്കുള്ളിൽ അടയ്ക്കേണ്ടതാണ്. നിലവിലുള്ള മറ്റ് ഓൺലൈൻ പേയ്മെന്റ് സംവിധാനങ്ങളും ഇതിലേയ്ക്കായി ഉപയോഗിക്കാവുന്നതാണ്.

(7) ആദ്യഗഡു അംശദായം അടയ്ക്കുന്ന മുറയ്ക്ക് ബോർഡ് ചുമതലപ്പെടുത്തുന്ന അധികാരിയുടെ ഡിജിറ്റൽ ഒപ്പോടുകൂടിയ, ഫാറം III-ലെ അംഗത്വ സർട്ടിഫിക്കറ്റ്, ഫാറം IV-ലെ തിരിച്ചറിയൽ കാർഡ്, ഫാറം V-ലെ പാസ്സ്ബുക്ക് എന്നിവ ഡിജിറ്റൽ രൂപത്തിൽ ബോർഡിന്റെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വെബ്സൈറ്റിൽ നിന്നും അംഗങ്ങൾ ഡൗൺലോഡ് ചെയ്ത് എടുക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷാവസാനവും അംഗങ്ങൾക്ക് അംശദായ സ്റ്റേറ്റ്മെന്റും വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്.

(8) ഒരു മാസത്തിന്റെ അവസാന തീയതിവരെ നിധിയിൻകീഴിൽ അംഗമായി അംഗീകരിച്ചിട്ടുള്ളവരുടെ വിവരങ്ങൾ ഫാറം VI-ൽ തയ്യാറാക്കി തൊട്ടടുത്ത മാസം പതിനഞ്ചാം തീയതിക്കകം ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റ് മുഖേന പ്രസിദ്ധീകരിക്കേണ്ടതാണ്.

(9) നിധിയിൽ അംഗമായി ചേർന്നിട്ടുള്ളവരുടെ പൂർണ്ണവിവരങ്ങൾ അടങ്ങിയ സംസ്ഥാനതല ഡേറ്റാബേസ് ജില്ല/പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തിരിച്ച് ഡിജിറ്റൽ രൂപത്തിൽ ബോർഡിന്റെ അധീനതയിൽ ഫാറം VII-ൽ സൂക്ഷിക്കേണ്ടതും ആയത് മേഖലാ ഓഫീസുകൾക്കും കൃഷി ഭവനുകൾക്കും ലോഗ് ഇൻ മുഖാന്തിരം ലഭ്യമാക്കേണ്ടതുമാണ്.

(10) നിധിയിൽ അംഗമായി ചേർന്നിട്ടുള്ളവരുടെ അപേക്ഷയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങൾ കാലികമാക്കി പുതുക്കുന്നതിന് അംഗങ്ങൾ സ്വമേധയായോ ബോർഡിന്റെ ആവശ്യപ്രകാരമോ വിവരങ്ങൾ ഫാറം VIII-ൽ നൽകേണ്ടതാണ്.

5. <u>രജിസ്റ്ററുകളും മറ്റ് രേഖകളും</u>.—അംശദായം അടച്ചവരുടെ പെൻഷൻ വിവരങ്ങൾ ഫാറം IX-ലും ചെറുകിട നാമമാത്ര കർഷക പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ വിവരങ്ങൾ ഫാറം X-ലും, ആനുകൂല്യവിവരങ്ങൾ ഫാറം XI-ലും ബോർഡിൽ ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കേണ്ടതാണ്. പെൻഷൻ ലഭിക്കുന്നതിനായി ഫാറം XII-ലും വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ഫാറം XIII-ലും കുടുംബപെൻഷൻ ലഭിക്കുന്നതിനായി ഫാറം XIV-ലും അപേക്ഷ സമർപ്പിക്കേണ്ടതാണ്.

6. <u>അംഗത്വം റദ്ദാക്കൽ</u>.—(1) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം അംഗത്വം റദ്ദാക്കപ്പെടേണ്ടുന്ന സംഗതിയിൽ, ബോർഡ് ആ വിവരം, അംഗത്വം റദ്ദാക്കുന്നതിനുള്ള കാരണം സഹിതം അംഗത്തിന് നോട്ടീസ് നൽകി അറിയിക്കേണ്ടതും നിശ്ചിത സമയത്തിനകം വിശദീകരണം നൽകുവാൻ നിർദ്ദേശിക്കേണ്ടതുമാണ്. അപേക്ഷകൻ നേരിട്ട് വിശദീകരണം നൽകാൻ അപേക്ഷിക്കുന്ന സംഗതിയിൽ ആയതിനുള്ള അവസരവും നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട വിശദീകരണം പരിഗണിച്ചശേഷവും അപേക്ഷകനെ കേൾക്കുന്നതിന് ന്യായമായ ഒരവസരം നൽകിയതിനു ശേഷം ബോർഡ് അംഗത്വത്തിന്റെ കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

7. <u>അംഗത്വം പുനരുജ്ജീവിപ്പിക്കൽ</u>.—(1) 5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം അംഗത്വം അവസാനിച്ച വ്യക്തിക്ക് അംഗത്വം അവസാനിച്ച തീയതി മുതൽ മൂന്ന് വർഷത്തിനകം ബോർഡ് നിശ്ചയിക്കുന്ന വാർഷിക പലിശയോടുകൂടി അംശദായ കുടിശ്ശിക അടച്ചാൽ അംഗത്വം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പുനരുജ്ജീവിപ്പിച്ച് നൽകുന്നതാണ്. ഇപ്രകാരം അടയ്ക്കേണ്ട വാർഷിക പലിശനിരക്ക് ബോർഡിന് കാലാകാലങ്ങളിൽ പുതുക്കാവുന്നതും എന്നാൽ അത് പത്ത് ശതമാനത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാകുന്നു.

(2) അംഗത്വം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള അപേക്ഷ ഫാറം XV-ൽ വ്യക്തമായ കാര്യകാരണങ്ങൾ ബോധിപ്പിച്ചുകൊണ്ട്, ബോർഡിന്റെ മേഖലാ ഓഫീസർക്കു നേരിട്ടോ തപാൽ മുഖേനയോ അംഗത്വം അവസാനിച്ച തീയതി മുതൽ ഒരു വർഷത്തിനകം സമർപ്പിക്കേണ്ടതാണ്.

(3) നിശ്ചയിക്കപ്പെട്ട വാർഷിക പലിശയോടുകൂടി കർഷകൻ കുടിശ്ശിക അടയ്ക്കുമ്പോൾ അംഗത്വം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുവാൻ മേഖലാ ഓഫീസർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത ഉത്തരവിൽ കുടിശ്ശിക വന്ന കാലയളവ്, കുടിശ്ശിക തുക, വാർഷിക പലിശ, തുക അടയ്ക്കേണ്ട രീതി, തുക അടയ്ക്കേണ്ട അവസാന തീയതി എന്നിവ വ്യക്തമാക്കിയിരിക്കേണ്ടതാണ്.

8. <u>വിവരങ്ങളുടെ സൂക്ഷിപ്പ്</u>.—പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ബോർഡിൽ ഡിജിറ്റൽ രൂപത്തിൽ ക്രോഡീകരിച്ച് സൂക്ഷിക്കപ്പെട്ടിട്ടുള്ള വിവരങ്ങൾ എല്ലാ കൃഷി ഭവനുകളിലും ലോഗ്-ഇൻ മുഖാന്തിരം ലഭ്യമാക്കിയിരിക്കേണ്ടതാണ്.

9. <u>നിധിയിലേയ്ക്കുള്ള അംശദായം</u>.—(1) ആക്റ്റിന്റെ 8-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം കിസാൻ അഭിമാൻ പദ്ധതിയിൻ കീഴിൽ ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിനു വേണ്ടി കാലാകാലങ്ങളിൽ സർക്കാർ അനുവദിക്കുന്ന തുകയ്ക്ക് സമാനമായ തുക, പദ്ധതിയേതര വിഹിതമായി എല്ലാ വർഷവും ബോർഡിന് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കേണ്ടതാണ്.

(2) കിസാൻ അഭിമാൻ പദ്ധതിയുടെ പേരിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതോ, ചെലവഴിക്കാതെ നിലനിൽക്കുന്നതോ, നിക്ഷേപിച്ചിരിക്കുന്നതോ ആയ ഏതെങ്കിലും തരത്തിലുള്ള തുകകൾ നിധിയിലേക്ക് മാറ്റി മുതൽകൂട്ടേണ്ടതാണ്.

10. <u>വ്യാപാരികളുടെ റിട്ടേൺ സമർപ്പണവും വാർഷിക ലാഭം തിട്ടപ്പെടുത്തുന്നതിന്റെ നടപടിക്രമവും</u>.—(1) കാർഷികോത്പന്നങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ആക്കി വിപണിയിലെത്തിക്കുന്ന സംരംഭകരും വ്യവസായികളും, വ്യവസായ സ്ഥാപനങ്ങളും അവർ മുൻ സാമ്പത്തിക വർഷം ചരക്ക് സേവന നികുതി വകുപ്പിന് സമർപ്പിച്ചിട്ടുള്ള റിട്ടേണിന്റെ പകർപ്പ്, ആദായ നികുതി വകുപ്പിന് സമർപ്പിക്കുന്ന റിട്ടേണിന്റെ പകർപ്പ് എന്നിവയും വ്യാപാരികളുടെ മുൻ സാമ്പത്തിക വർഷത്തെ വിറ്റുവരവും ലാഭവും കാണിച്ചുകൊണ്ടുള്ള റിട്ടേൺ ഫാറം നം. XVI-ലും ബോർഡിന്റെ മേഖലാ ഓഫീസുകളിലെ അസിസ്റ്റന്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ മുമ്പാകെ തൊട്ടടുത്തവർഷം ജൂലൈ മുപ്പത്തിയൊന്നാം തീയതിയ്ക്ക് മുമ്പ് സമർപ്പിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) എന്നാൽ. 1956-ലെ കമ്പനി നിയമം പ്രകാരമോ അല്ലെങ്കിൽ നിലവിൽ പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും കേന്ദ്ര സംസ്ഥാന നിയമപ്രകാരമോ, സ്ഥാപനത്തിന്റെ ബൈലോ പ്രകാരമോ ചാർട്ടേഡ് അക്കൗണ്ടന്റിനെ കൊണ്ട് കണക്കുകൾ ആഡിറ്റ് ചെയ്തു സൂക്ഷിക്കേണ്ടതായിട്ടുള്ള വ്യാപാരികൾ, പ്രസ്തുത ആഡിറ്റ് സ്റ്റേറ്റ്മെന്റ്കൂടി ലാഭം കണക്കാക്കുന്നതിനായി റിട്ടേണിനൊപ്പം ബോർഡിന് സമർപ്പിക്കേണ്ടതാണ്. മറ്റ് സംഗതികളിൽ സ്വയം സാക്ഷ്യപ്പെടുത്തിയ ബാലൻസ് ഷീറ്റ് നൽകേണ്ടതാണ്.

(3) വ്യാപാരികൾ നൽകിയ രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ട്, ആവശ്യമെങ്കിൽ അന്വേഷണം നടത്തിയോ, നടത്തിച്ചതിനുശേഷമോ സംരംഭകനോ വ്യാപാരിയോ വ്യാപാരസ്ഥാപനമോ അതനുസരിച്ച് അടയ്ക്കേണ്ട കാർഷിക ഇൻസെന്റീവ് തുക നിശ്ചയിച്ച് അസിസ്റ്റന്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. പ്രസ്തുത ഉത്തരവിൽ അടയ്ക്കേണ്ടതുക, അടയ്ക്കേണ്ട അവസാന തീയതി എന്നിവയും ഉൾപ്പെടുത്തേണ്ടതാണ്. അപ്രകാരമുള്ള ഇൻസെൻറീവ് തുക ചെലാൻ മുഖേനയോ ഓൺലൈൻ മുഖേനയോ ഒടുക്കേണ്ടതാണ്.

(4) അസിസ്റ്റന്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ഉത്തരവിനെതിരെ ആക്ഷേപം ഉള്ളവർക്ക് പതിനഞ്ച് ദിവസത്തിനുള്ളിൽ അധിക വിവരങ്ങളോ, സ്പഷ്ടീകരണമോ നൽകാവുന്നതും ഇൻസെന്റീവായി നിശ്ചയിക്കപ്പെട്ട തുക പുനഃപരിശോധിക്കുവാൻ അപേക്ഷിക്കാവുന്നതുമാണ്. പുനഃപരിശോധന അപേക്ഷയിന്മേൽ പതിനഞ്ച് ദിവസത്തിനുള്ളിൽ അസിസ്റ്റന്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(5) പുനഃപരിശോധന അപേക്ഷയിന്മേലുള്ള ഉത്തരവിന്മേൽ പതിനഞ്ച് ദിവസത്തിനുള്ളിൽ ബോർഡ് മുമ്പാകെ അപ്പീൽ നൽകാവുന്നതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ അപ്പീൽ സമർപ്പിക്കുവാൻ കഴിയാതെ വന്നതിന് മതിയായ കാരണം ഉണ്ടെന്ന് ബോർഡിന് ബോധ്യപ്പെടുന്ന പക്ഷം നിശ്ചിത സമയപരിധിക്ക് ശേഷം സമർപ്പിക്കുന്ന അപ്പീലും കാലതാമസം മാപ്പാക്കി സ്വീകരിക്കാവുന്നതാണ്. അപ്പീൽ ലഭിച്ച് അറുപതു ദിവസത്തിനകം ബോർഡ് അപ്പീൽ തീർപ്പാക്കി അന്തിമമായി ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. എല്ലാ പുനഃ പരിശോധന/ അപ്പീൽ അപേക്ഷകളിൻമേലും നൂറ് രൂപയുടെ മൂല്യമുള്ള കേരളകർഷക ക്ഷേമനിധി സ്റ്റാമ്പ് പതിക്കേണ്ടതാണ്.

(6) വ്യാപാരികൾ റിട്ടേണുകൾ നൽകുന്നതിനും, ഇൻസെന്റീവ് അടയ്ക്കുന്നതിനുമുള്ള പ്രാബല്യ തീയതി സർക്കാർ ഉത്തരവ് മുഖേന നിശ്ചയിക്കുന്നതാണ്.

(7) വ്യാപാരികൾ തങ്ങളുടെ സ്ഥാപനങ്ങളുടെ ഓരോ ശാഖകൾക്കും പ്രത്യേകം റിട്ടേണുകൾ സമർപ്പിക്കേണ്ടതാണ്.

(8) തത്സമയം നിലവിലുള്ള മറ്റു നിയമങ്ങളും ചട്ടങ്ങളും പ്രകാരം റിട്ടേൺ സമർപ്പിക്കേണ്ടതായ വ്യാപാരികളുടെ വ്യാപാരലൈസൻസ് അതാത് തദ്ദേശ സ്വയംഭരണ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ്ഥാപനങ്ങൾ പുതുക്കി നൽകുന്നതിന് റിട്ടേൺ സമർപ്പിച്ച് ഇൻസെന്റീവ് തുക അടച്ചതിനുശേഷം ബോർഡിൽ നിന്നും നൽകുന്ന ഫാറം XVII-ലെ ക്ലീയറൻസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കേണ്ടതാണ്. സ്പെഷ്യൽ ഇക്കണോമിക് സോണിലെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ പ്രസ്തുത സോണിന്റെ പരിധിയിലെ വ്യാപാര സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കുമ്പോൾ മേൽപ്പറഞ്ഞ നിബന്ധന പാലിക്കേണ്ടതാണ്.

(9) (3)-ാം ഉപചട്ടപ്രകാരം അസിസ്റ്റന്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ നിശ്ചയിച്ച് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരമുള്ള അന്തിമ തുകയോ (5)-ാം ഉപചട്ടപ്രകാരം ബോർഡ് അപ്പീൽ തീർപ്പുകൽപ്പിച്ച പ്രകാരമുള്ള തുകയോ ഇൻസെന്റീവ് തുകയായോ നിഷ്കർഷിച്ച സമയത്തിനുള്ളിൽ അടയ്ക്കാത്തപക്ഷം പ്രസ്തുത തീയതി മുതൽ പതിനെട്ടു ശതമാനം വാർഷിക പലിശ സഹിതം വ്യാപാരികൾ അടവ് വരുത്തേണ്ടതാണ്.

(10) ഉത്തരവ് പ്രകാരമുള്ള ഇൻസെന്റീവ് തുക അടയ്ക്കുവാൻ ഏതെങ്കിലും വ്യാപാരി കൂട്ടാക്കാത്ത പക്ഷം പ്രസ്തുത തുകയും (9)-ാം ഉപചട്ടത്തിൽ പറഞ്ഞിരിക്കുന്ന പലിശയും കൂടി ചേർത്ത് റവന്യൂ റിക്കവറിയിലൂടെ ഈടാക്കുവാനുള്ള നടപടി ബോർഡ് സ്വീകരിക്കേണ്ടതാണ്.

11. <u>സ്റ്റാമ്പുകളുടെ അച്ചടിയും വിതരണവും</u>.–(1) 'കേരള കർഷകക്ഷേമനിധി സ്റ്റാമ്പ്' എന്ന് മുദ്രണം ചെയ്തിട്ടുള്ള 'സ്റ്റാമ്പ്', ബോർഡ്, സർക്കാർ പ്രസ്സിൽ അച്ചടിപ്പിക്കേണ്ടതാണ്.

(2) സ്റ്റാമ്പുകൾ 1"x2" വലിപ്പത്തിലായിരിക്കേണ്ടതാണ്.

(3) ഫണ്ടിനു വേണ്ടിയുള്ള സ്റ്റാമ്പ് ബോർഡിന്റെ അധീനതയിലായിരിക്കുന്നതാണ്. സ്റ്റാമ്പുകൾ ബോർഡിന്റെ മേഖലാ ഓഫീസ് മുഖേന സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ വിൽപനയ്ക്കായി ലഭ്യമാക്കുന്നതാണ്.അപ്രകാരം ലഭിച്ച സ്റ്റാമ്പുകളുടെ കണക്ക് സൂക്ഷിക്കുന്നതിനും വിറ്റുവരവ് കണക്ക് രേഖപ്പെടുത്തുന്നതിനുമായി ഫാറം XVIII മാതൃകയിൽ അതാത് സ്ഥാപനങ്ങളിൽ ഒരു കർഷക ക്ഷേമനിധി സ്റ്റാമ്പ് അക്കൌണ്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എല്ലാ മാസവും 10-ാം തീയതിക്കുള്ളിൽ വിറ്റുവരവ് ബോർഡിന്റെ മേഖലാ ഓഫീസ് അക്കൗണ്ടിൽ അടയ്ക്കേണ്ടതും ആയതിന്റെ കണക്ക് വിവരം മേഖലാ ഓഫീസിനെ അറിയിക്കേണ്ടതുമാണ്. മേഖലാ ഓഫീസുകൾ ബന്ധപ്പെട്ട കണക്ക് റീകൺസൈൽ ചെയ്ത് ബോർഡിനെ അറിയിക്കേണ്ടതും തുക ബോർഡിന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറേണ്ടതുമാണ്. വിതരണം നടത്തിയ സ്ഥാപനം/ഓഫീസ് അധികാരി വിറ്റ സ്റ്റാമ്പിന്റെ തുക മേഖലാ ഓഫീസിൽ അടയ്ക്കേണ്ടതും ആയതിന് മേഖലാ ഓഫീസിൽ നിന്നും രസീത് നൽകേണ്ടതുമാണ്.

(4) സ്റ്റാമ്പുകളുടെ വിതരണവും വിൽപ്പനയും ബോർഡിന്റെ നിയന്ത്രണത്തിലായിരിക്കുന്നതാണ്.

(5) ബോർഡ് സെക്രട്ടറി സ്റ്റാമ്പുകളുടെ സൂക്ഷിപ്പുകാരനായിരിക്കുന്നതും അദ്ദേഹം താഴെപ്പറയുന്ന റിക്കാർഡുകളും രജിസ്റ്ററുകളും സൂക്ഷിച്ചുപോരേണ്ടതുമാണ്.–

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(i) സ്റ്റാമ്പുകളുടെ അച്ചടിക്കുവേണ്ടിയുള്ള ഓർഡർ നൽകിയതു കാണിക്കുന്ന രജിസ്റ്റർ.

(ii) ഫാറം XVIII പ്രകാരമുള്ള സ്റ്റാമ്പുകളുടെ അക്കൗണ്ട് രജിസ്റ്റർ.

(iii) ബോർഡ് കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള രജിസ്റ്ററുകളും റിക്കാർഡുകളും.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. രത്തൻ യു. കേൽക്കർ,
*സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2019-ലെ കേരള കർഷക ക്ഷേമനിധി ആക്റ്റിലെ (2019ലെ 26-ാം ആക്റ്റ്) 28-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, പ്രസ്തുത ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി പിൽക്കാല പ്രാബല്യത്തോടു കൂടിയോ മുൻകാല പ്രാബല്യത്തോടു കൂടിയോ ചട്ടങ്ങൾ ഉണ്ടാക്കുവാൻ അധികാരം നൽകിയിട്ടുണ്ട്. ഇപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി ചട്ടങ്ങൾ ഉണ്ടാക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ഫാറം I
## കേരള കർഷക ക്ഷേമനിധി അംഗത്വത്തിനുള്ള അപേക്ഷ
[ചട്ടം 4(1) കാണുക]

1. കർഷകന്റെ പേര് :

2. ജനന തീയതി :

3. എ. സമർപ്പിക്കുന്ന തിരിച്ചറിയൽ രേഖ (ആധാർ/ഇലക്ഷൻ കാർഡ്/റേഷൻ കാർഡ്/ഡ്രൈവിംഗ് ലൈസൻസ് (ബന്ധപ്പെട്ടവയിൽ ✓ മാർക്ക് രേഖപ്പെടുത്തുക.)

ബി. തിരിച്ചറിയൽ രേഖയുടെ നമ്പർ :

സി. ആധാർ നമ്പർ :

4. പൂർണ്ണ മേൽവിലാസം :

മൊബൈൽ നം. :
പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ :
ജില്ല :

5. കൃഷി ഭൂമി സംബന്ധിച്ച വിവരങ്ങൾ:

| ഇനം | വില്ലേജ്, സർവ്വേ നം. | വിസ്തൃതി (സെന്റ്) | വിളകൾ/സംരംഭങ്ങൾ/ അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|---|---|
| സ്വന്തം ഭൂമി | | | |
| പാട്ട ഭൂമി | | | |
| കരാർ ഭൂമി | | | |
| **ആകെ** | | | |

6. റബ്ബർ, കാപ്പി, തേയില, ഏലം എന്നീ തോട്ടവിളകൾ കൃഷി ചെയ്യുന്ന സ്വന്തം ഭൂമിയുടെ വിസ്തൃതി (സെന്റിൽ)–

7. ബാങ്ക് വിവരങ്ങൾ

| | |
|---|---|
| ബാങ്ക് | |
| ശാഖ | |
| ഐ.എഫ്.എസ്.സി കോഡ് | |
| അക്കൗണ്ട് നമ്പർ | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

8. കർഷകന്റെ വാർഷിക വരുമാനം :
(വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ട സർട്ടിഫിക്കറ്റിന്റെ മാതൃക അപേക്ഷയുടെ ഭാഗമായി ചേർത്തിട്ടുണ്ട്)

9. മറ്റുക്ഷേമ നിധിയിൽ അംഗത്വം : ഉണ്ട് / ഇല്ല

10. കുടുംബാംഗങ്ങളുടെ വിവരങ്ങൾ

| ക്രമ നം | പേര് | വയസ്സ് | ആൺ / പെൺ | മേൽവിലാസം | കർഷകനുമായുള്ള ബന്ധം | മറ്റുവിവരങ്ങൾ |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |

11. അംശദായമായി അടയ്ക്കുവാൻ ഉദ്ദേശിക്കുന്ന :
പ്രതിമാസ/അർദ്ധ വാർഷിക/വാർഷിക തുക

12. മരണാനന്തര ആനുകൂല്യങ്ങൾക്കുള്ള അവകാശിയെ സംബന്ധിച്ച വിവരങ്ങൾ :

| ക്രമ നം | പേര് | ജനനത്തിയതി | വയസ്സ് | ആൺ/ പെൺ | മേൽവിലാസം | കർഷകനുമായുള്ള ബന്ധം | മറ്റുവിവരങ്ങൾ |
|---|---|---|---|---|---|---|---|
| | | | | | | | |

13. ഉള്ളടക്കം ചെയ്തിട്ടുള്ള രേഖകൾ:
1. കൃഷി/ കൃഷി അനുബന്ധ/കാർഷിക പ്രവർത്തനം സംബന്ധിച്ച കർഷകന്റെ സത്യപ്രസ്താവന :
2. വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസർ) :
3. കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം :
4. ബാങ്ക് പാസ്ബുക്ക് പകർപ്പ്
5. വയസ്സു തെളിയിക്കുന്ന രേഖ :
6. രജിസ്ട്രേഷൻ തുക അടച്ചതിന്റെ പകർപ്പ് :
7. പാസ്പോർട്ട് സൈസ് ഫോട്ടോ :

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

### കർഷകന്റെ സത്യപ്രസ്താവന

. . . . . . . . . . . . . . . . . . . . . . വില്ലേജിൽ . . . . . . . . . . . . . . . . . . . . . . . . . .
മേൽവിലാസത്തിൽ താമസിക്കുന്ന . . . . . വയസ്സുള്ള . . . . . . . . . . . . . . . എന്ന ഞാൻ 2019–ലെ കേരള കർഷകക്ഷേമ നിധി ആക്ടിന്റെ 2(എ) വകുപ്പ് പ്രകാരം നിർവചിച്ചിട്ടുള്ള . . . . . . . . . . . . . . . . എന്ന കാർഷിക പ്രവൃത്തിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ . . . . . . . . . . . . വർഷമായി പ്രവർത്തിച്ചുവരികയാണ്. അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങൾ എല്ലാം സത്യവും എനിക്ക് ഉത്തമ ബോധ്യമുള്ളതും ആണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. ടി ആക്ടിലെയും ചട്ടങ്ങളിലെയും നിബന്ധനകൾ എനിക്ക് ബോധ്യമുള്ളതാണ്. തെറ്റായ വിവരങ്ങൾ നൽകുകയോ നിയമാനുസൃതമല്ലാതെ പ്രവർത്തിക്കുകയോ തെറ്റായി ആനുകൂല്യങ്ങൾ കൈപ്പറ്റുന്നത് മൂലമോ സർക്കാരിനോ ബോർഡിനോ ഉണ്ടാകുന്ന നഷ്ടങ്ങൾ എന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്നും ഈടാക്കുന്നതിനും അംഗത്വം റദ്ദ് ചെയ്യുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും ഞാൻ സമ്മതിച്ചുകൊള്ളുന്നു.

സ്ഥലം:
തീയതി: ഒപ്പ്

(1)

### കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം

ശ്രീ. / ശ്രീമതി . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .
. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . (പേരും, മേൽവിലാസവും) 2019–ലെ കേരള കർഷകക്ഷേമ നിധി ആക്ടിന്റെ 2(എ) വകുപ്പ് പ്രകാരം കൃഷിയെന്ന് നിർവചിച്ചിട്ടുള്ള താഴെപ്പറയുന്ന കാർഷിക പ്രവർത്തനത്തിൽ കഴിഞ്ഞ ............ വർഷമായി പ്രവർത്തിച്ചുവരികയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

1. . . .
2. . . .
3. . . .

തീയതി

ഒപ്പ്
പേര്
തസ്തിക

(കൃഷി ഓഫീസർ, വെറ്റിനറി സർജൻ, ഫിഷറീസ് സബ് ഇൻസ്പെക്ടർ, ഇൻഡസ്ട്രീസ് ഓഫീസർ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ തുടങ്ങി അതാത് മേഖലയിലെ തത്തുല്യ ഉദ്യോഗസ്ഥരായിരിക്കണം മേൽ സർട്ടിഫിക്കറ്റിൽ സാക്ഷ്യപ്പെടുത്തേണ്ടത്.)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വരുമാന സർട്ടിഫിക്കറ്റ്

ഫയൽ നം.

ഓഫീസ് -
തീയതി -

. . . . . . . . . . . . . വില്ലേജിൽ . . . . . . . . . . . . . . . . . . . . . . . . . . . . . . മേൽ വിലാസത്തിൽ താമസിക്കുന്ന ശ്രീ / ശ്രീമതി, . . . . . . . . . . . . . . . . . . . . . . . (. S/o, D/o, W/o. . . . . . . . . . . . . . . . . . . . . . . . . .) എന്ന വ്യക്തിയുടെ വാർഷിക വരുമാനം . . . . ./- . . . . . . . . . . . . . . . . . . . . . . . . (തുക അക്ഷരത്തിൽ) ആണെന്ന് സാക്ഷ്യപ്പെടുത്തുന്നു. ടി സർട്ടിഫിക്കറ്റ് കേരള കർഷകക്ഷേമ നിധി ബോർഡിൽ സമർപ്പിക്കുന്നതിനുവേണ്ടി നൽകിയിട്ടുള്ളതാണ്.

കർഷകന്റെ പേര് -
വയസ്സ് -
പോസ്റ്റ് ഓഫീസ് -
പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ -
വില്ലേജ് -
താലൂക്ക് -
ജില്ല -
സർട്ടിഫിക്കറ്റ് നൽകുന്ന തീയതി -
സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ -

(ഒപ്പ്)

## ഓഫീസ് ആവശ്യത്തിന്

കർഷകന്റെ രജിസ്റ്റർ നമ്പർ

അംഗത്വ അംഗീകാരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ഫാറം II

### കേരള കർഷക ക്ഷേമനിധി

### ഭാഗികമായി അടച്ച അംശദായം തിരികെ ലഭിക്കുന്നതിനുള്ള അപേക്ഷ

(ചട്ടം 3(6) കാണുക).

1. എ. അപേക്ഷകന്റെ പേര് :
   ബി. അപേക്ഷകൻ അംഗമല്ലെങ്കിൽ അപേക്ഷകനുമായുള്ള ബന്ധം :

2. എ. ക്ഷേമനിധി അംഗത്തിന്റെ പേര് :
   ബി. അംഗത്വ നമ്പർ :
   സി. രജിസ്ട്രേഷൻ തീയതി :

3. അംശദായം ഒടുക്കിയ അവസാന മാസം, തീയതി. :

4. ഇതുവരെ അംശദായം അടച്ച ആകെ തുക :

5. എ. അംഗം മരണപ്പെട്ടിട്ടുണ്ടെങ്കിൽ, അവകാശിയെ സംബന്ധിച്ച വിവരങ്ങൾ (അംഗത്വത്തിനുള്ള അപേക്ഷയിൽ നൽകിയ പ്രകാരം)
   ബി. അംഗം മരണമടഞ്ഞ തീയതി (മരണസർട്ടിഫിക്കറ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യണം)

6. അപേക്ഷകന്റെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ :
   എ. ബാങ്ക് :
   ബി. ശാഖ :
   സി. അക്കൗണ്ട് നം. :
   ഡി. ഐ.എഫ്.എസ്.സി കോഡ് :

### സത്യപ്രസ്താവന

മേൽ നൽകിയ വിവരങ്ങൾ സത്യവും എനിക്ക് ഉത്തമ ബോധ്യമുള്ളതും ആണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം

തീയതി

ഒപ്പ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ഫാറം III
## കേരള കർഷക ക്ഷേമനിധി അംഗത്വ സർട്ടിഫിക്കറ്റ്
[ചട്ടം 4(7) കാണുക]

ഫോട്ടോ പ്രിന്റ്

2019-ലെ കേരള കർഷകക്ഷേമ നിധി ആക്ട് അനുസരിച്ച് ബോർഡിന്റെ ........... തീയതി . . . . ഉത്തരവ് പ്രകാരം . . . . . . . . . . . . . . . എന്ന കർഷകനെ ........... മുതൽ കേരള കർഷകക്ഷേമ നിധിയിലെ അംഗമായി ഇതിനാൽ അംഗീകരിച്ചിരിക്കുന്നു.

അംഗത്വ നമ്പർ : . . . . . . . . . . . . . .

ഓഫീസ് മേധാവിയുടെ ഒപ്പ്

സ്ഥലം
തീയതി

സ്വീകർത്താവ്

. . . . . . . . . . . .
. . . . . . . . . . . .
. . . . . . . . . . . .
(കർഷകന്റെ പൂർണ്ണവിലാസം)

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ഫാറം നം. IV**
**കേരള കർഷക ക്ഷേമനിധി**
**തിരിച്ചറിയൽ കാർഡ്**
[ ചട്ടം 4(7) കാണുക ]

ഫോട്ടോ പ്രിന്റ്

**അംഗത്വ നമ്പർ:**

1. പേര് -
2. വിലാസം -
3. പഞ്ചായത്ത് / മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ -
4. ജില്ല -
5. ജനന തീയതി -
6. അംഗത്വ തീയതി -

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം V
**കേരള കർഷക ക്ഷേമനിധി**
**പാസ്സ്ബുക്ക്**
[ചട്ടം 4(7) കാണുക]

**പേജ്- 1 (പുറം ചട്ട)**
**കേരള കർഷകക്ഷേമ നിധി**

എംബ്ലം

പാസ്സ്ബുക്ക്

**കേരള കർഷകക്ഷേമ നിധി ബോർഡ്**
**(പൂർണ്ണ മേൽവിലാസം)**

**പേജ്- 2**

അംഗത്തിന്റെ പേരും മേൽവിലാസവും -
അംഗത്വ നമ്പർ -
രജിസ്ട്രേഷൻ തീയതി -
ആദ്യ ഗഡു തീയതി -
പെൻഷന് അർഹമാകുന്ന തീയതി -

**പേജ്- 3**
**അംഗത്വം റദ്ദാക്കൽ, പുനരുജ്ജീവിപ്പിക്കൽ, അംശദായ നിരക്ക്, മാറ്റം സംബന്ധിച്ച വിവരങ്ങൾ**

| പ്രാബല്യ തീയതി | ഇനം | കുടിശ്ശിക/ പുതുക്കിയ നിരക്ക് | മറ്റ് വിവരങ്ങൾ | ഇനിഷ്യൽ |
|---|---|---|---|---|
| | | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പേജ്- 4

**നൽകിയ ആനുകൂല്യങ്ങളുടെ വിവരങ്ങൾ**

| തീയതി | ഉത്തരവ് നം. | വിവരണം | നൽകിയ തുക |
|---|---|---|---|
| | | | |
| | | | |

പേജ്- 5 മുതൽ

**നിധിയിലേയ്ക്ക് ഒടുക്കിയ അംശദായ വിവരങ്ങൾ**

| മാസം, വർഷം | അംശദായ തുക | അടച്ച തീയതി | മറ്റുവിവരങ്ങൾ |
|---|---|---|---|
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |
| | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ഫാറം VI
## കേരള കർഷക ക്ഷേമനിധി
## അംഗത്വവിവരങ്ങൾ
[ചട്ടം 4(8) കാണുക]

| ജില്ല | പഞ്ചായത്ത് | അംഗത്തിന്റെ പേര് | വിലാസം | അംഗത്വം അംഗീകരിച്ച തീയതി | അംഗത്വ നം. | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| | | | | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# ഫാറം VII

## കേരള കർഷക ക്ഷേമനിധി
## അംഗങ്ങളുടെ പൂർണ്ണവിവരങ്ങൾ

[ചട്ടം 4(9) കാണുക]

| വ്യക്തിഗത വിവരങ്ങൾ | | | | | | | |
|---|---|---|---|---|---|---|---|
| ക്രമ.നം | ജില്ല | പഞ്ചായത്ത് | അംഗത്വ നം | പേര് | മേൽവിലാസം | ജനന തീയതി | ആൺ/ പെൺ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| | | | | | | | |
| | | | | | | | |

| നോമിനിയുടെ വിവരങ്ങൾ | | | | | അംശദായ വിവരങ്ങൾ | | | |
|---|---|---|---|---|---|---|---|---|
| അംഗത്തിന്റെ ബാങ്ക് അക്കൗണ്ട് നം. | ബാങ്കിന്റെ പേരും ശാഖയും | ഐ.എഫ്.എസ്.സി കോഡ് | നോമിനിയുടെ പേരും മേൽവിലാസവും | നോമിനിയ്ക്ക് അംഗവുമായുള്ള ബന്ധം | ചേർന്ന തീയതി | ആകെ അടച്ച അംശദായ തുക | കുടിശ്ശിക തുക | സർക്കാർ വിഹിതം തുക |
| 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| | | | | | | | | |
| | | | | | | | | |

| ആനുകൂല്യ വിവരങ്ങൾ | | പെൻഷൻ വിവരങ്ങൾ | |
|---|---|---|---|
| ഇനം | തുക | പെൻഷന് അർഹമാകുന്ന തീയതി | മറ്റ് വിവരങ്ങൾ |
| 18 | 19 | 20 | 21 |
| | | | |
| | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ഫാറം VIII

## കേരള കർഷക ക്ഷേമനിധി

## അംഗങ്ങളുടെ വിവരങ്ങൾ പുതുക്കുന്നതിനുള്ള അപേക്ഷാഫാറം

[ ചട്ടം 4(10) കാണുക ]

1) കർഷകന്റെ പേര് :
2) ജനന തീയതി :
3) അംഗത്വ നം. :
4) എ. സമർപ്പിക്കുന്ന തിരിച്ചറിയൽ രേഖ (ആധാർ/ ഇലക്ഷൻ കാർഡ്/ റേഷൻ കാർഡ്/ ഡ്രൈവിംഗ് ലൈസൻസ് (ബന്ധപ്പെട്ടവയിൽ ☐ മാർക്ക് രേഖപ്പെടുത്തുക.)
   ബി. തിരിച്ചറിയൽ രേഖയുടെ നമ്പർ :
5) പൂർണ്ണ മേൽവിലാസം :
   മൊബൈൽ നം. :
   പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ :
   ജില്ല :
6) കൃഷി ഭൂമി സംബന്ധിച്ച വിവരങ്ങൾ

| ഇനം | വില്ലേജ്, സർവ്വേ നം. | വിസ്തൃതി (സെന്റ്) | വിളകൾ / സംരംഭങ്ങൾ / അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|---|---|
| സ്വന്തം ഭൂമി | | | |
| പാട്ട ഭൂമി | | | |
| കരാർ ഭൂമി | | | |
| ആകെ | | | |

7) റബ്ബർ, കാപ്പി, തേയില, ഏലം എന്നീ തോട്ടവിളകൾ കൃഷി ചെയ്യുന്ന സ്വന്തം ഭൂമിയുടെ വിസ്തൃതി (സെന്റിൽ)-
8) ബാങ്ക് വിവരങ്ങൾ

| | |
|---|---|
| ബാങ്ക് | |
| ശാഖ | |
| ഐ.എഫ്.എസ്.സി കോഡ് | |
| അക്കൗണ്ട് നമ്പർ | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

9) കുടുംബാംഗങ്ങളുടെ വിവരങ്ങൾ

| ക്രമ. നം | പേര് | വയസ്സ് | ആൺ / പെൺ | മേൽവിലാസം | കർഷകനുമായുള്ള ബന്ധം | മറ്റുവിവരങ്ങൾ |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

10) അംശദായമായി അടയ്ക്കുവാൻ ഉദ്ദേശിക്കുന്ന പ്രതിമാസ തുക :

11) മരണാനന്തര ആനുകൂല്യങ്ങൾക്കുള്ള അവകാശിയെ സംബന്ധിച്ച വിവരങ്ങൾ :

| ക്രമ. നം | പേര് | വയസ്സ് | ആൺ / പെൺ | മേൽവിലാസം | കർഷകനുമായുള്ള ബന്ധം | മറ്റുവിവരങ്ങൾ |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |

12) ഉള്ളടക്കം ചെയ്തിട്ടുള്ള രേഖകൾ

1) കൃഷി / കൃഷി അനുബന്ധ / കാർഷിക പ്രവർത്തനം സംബന്ധിച്ച കർഷകന്റെ സത്യപ്രസ്താവന :

2). ബാങ്ക് പാസ്ബുക്ക് പകർപ്പ് :

### കർഷകന്റെ സത്യപ്രസ്താവന

. . . . . . . . . . . . . . . . . . . . വില്ലേജിൽ . . . . . . . . . . . . . . . . . . . . . . . . . . മേൽവിലാസത്തിൽ താമസിക്കുന്ന . . . . . വയസ്സുള്ള . . . . . . . . . . . . . . . ഞാൻ 2019-ലെ കേരള കർഷകക്ഷേമ നിധി ആക്ടിന്റെ 2(എ) വകുപ്പ് പ്രകാരം നിർവചിച്ചിട്ടുള്ള . . . . . . . . . . . . . . . . . എന്ന കാർഷിക പ്രവൃത്തിയുമായി ബന്ധപ്പെട്ട് കഴിഞ്ഞ . . . . . . . . . . വർഷമായി പ്രവർത്തിച്ചുവരികയാണ്. അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങൾ എല്ലാം സത്യവും എനിക്ക് ഉത്തമ ബോധ്യമുള്ളതും ആണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. ടി ആക്ടിന്റെ നിബന്ധനകളും ചട്ടങ്ങളും എനിക്ക് ബോധ്യമുള്ളതാണ്. തെറ്റായ വിവരങ്ങൾ നൽകുകയോ നിയമാനുസൃതമല്ലാതെ പ്രവർത്തിക്കുകയോ തെറ്റായി ആനുകൂല്യങ്ങൾ കൈപ്പറ്റുന്നത്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മൂലമോ സർക്കാരിനോ ബോർഡിനോ ഉണ്ടാകുന്ന നഷ്ടങ്ങൾ എന്റെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്നും ഈടാക്കുന്നതിനും അംഗത്വം റദ്ദ് ചെയ്യുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും ഞാൻ സമ്മതിച്ചുകൊള്ളുന്നു.

ഒപ്പ്

സ്ഥലം
തീയതി

ഓഫീസ് ആവശ്യത്തിന്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ഫാറം നം. IX
## കേരള കർഷക ക്ഷേമനിധി
## ബോർഡിൽ അംശദായം അടച്ചവരുടെ പെൻഷൻ രജിസ്റ്റർ

[ ചട്ടം 5 കാണുക ]

ജില്ല

അംഗത്വ നമ്പർ

പഞ്ചായത്ത് / മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ-

**പെൻഷൻ വിവരങ്ങൾ**

| പേര് | നിലവിലെ വയസ്സ് | പെൻഷൻ / കുടുംബ പെൻഷൻ ഉത്തരവ് | പെൻഷനാണോ/ കുടുംബ പെൻഷനാണോ | പ്രതിമാസ പെൻഷൻ തുക | പെൻഷൻ നൽകി തുടങ്ങിയ മാസം/ വർഷം | അവസാനം പെൻഷൻ നൽകിയ തീയതി | അവസാനം മസ്റ്ററിംഗ് ചെയ്ത തീയതി |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഫാറം X

കേരള കർഷക ക്ഷേമനിധി

ചെറുകിട നാമമാത്ര കർഷക പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ രജിസ്റ്റർ

[ ചട്ടം 5 കാണുക ]

ജില്ല -

അംഗത്വ നമ്പർ -

പഞ്ചായത്ത് / മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ -

## പെൻഷൻ വിവരങ്ങൾ

| പേര് | വയസ്സ് | പ്രതിമാസ പെൻഷൻ തുക | പെൻഷൻ തുടങ്ങിയ തീയതി | അവസാന പെൻഷൻ നൽകിയ തീയതി | അവസാനം മസ്റ്ററിംഗ് ചെയ്ത തീയതി |
|---|---|---|---|---|---|
| | | | | | |
| | | | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ഫാറം XI
## കേരള കർഷക ക്ഷേമനിധി
## ആനുകൂല്യ വിവര രജിസ്റ്റർ
[ ചട്ടം 5 കാണുക ]

1. അംഗത്തിന്റെ പേര് -
2. അംഗത്വ നമ്പർ -
3. പേരും മേൽവിലാസവും -
4. ആനുകൂല്യ വിവരങ്ങൾ -

A ശാരീരിക – മാനസിക അവശത അനുഭവിക്കുന്ന അംഗത്തിന് സാമ്പത്തിക സഹായം
- a അനുവദിച്ച ഉത്തരവും തീയതിയും -
- b തുക -
- c കൈപ്പറ്റുന്ന വ്യക്തി -

B ചികിത്സാ സഹായം
- a അനുവദിച്ച ഉത്തരവും തീയതിയും -
- b തുക -
- c കൈപ്പറ്റുന്ന വ്യക്തി -

C വിദ്യാഭ്യാസ ധനസഹായം
- a അനുവദിച്ച ഉത്തരവും തീയതിയും -
- b തുക -
- c കൈപ്പറ്റുന്ന വ്യക്തി -
- d വിദ്യാർത്ഥിയുടെ പേര് -
- e കോഴ്സിന്റെ വിവരങ്ങൾ -

D വിവാഹ ധനസഹായം
- a അനുവദിച്ച ഉത്തരവും തീയതിയും -
- b തുക -
- c കൈപ്പറ്റുന്ന വ്യക്തി -
- d ആരുടെ വിവാഹം -

E അപകടമരണം / അപകടം മൂലമുള്ള അവശതയ്ക്കുള്ള നഷ്ടപരിഹാരം
- a അനുവദിച്ച ഉത്തരവും തീയതിയും -
- b തുക -
- c കൈപ്പറ്റുന്ന വ്യക്തി -
- d അപകടത്തിന്റെ തരം -

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

F **<u>25 വർഷം അംശദായം അടച്ചവർക്കുള്ള ഒറ്റത്തവണ ആനുകൂല്യം</u>**

a അനുവദിച്ച ഉത്തരവും തീയതിയും –

b തുക –

c കൈപ്പറ്റുന്ന വ്യക്തി –

G. **<u>മരണാനന്തര ആനുകൂല്യം</u>**

a അനുവദിച്ച ഉത്തരവും തീയതിയും –

b തുക –

c കൈപ്പറ്റുന്ന വ്യക്തി –

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ഫാറം XII

### കേരള കർഷക ക്ഷേമനിധി
### പെൻഷൻ ലഭിക്കുന്നതിനുള്ള അപേക്ഷ

[ ചട്ടം 5 കാണുക ]

എ) വ്യക്തിഗത വിവരങ്ങൾ

1. അംഗത്തിന്റെ പേര് -
2. മേൽവിലാസം -
3. അംഗത്വ നമ്പർ -
4. ആദ്യത്തെ അംശദായം അടച്ച തീയതി -
5. അവസാനത്തെ അംശദായം അടച്ച തീയതി -
6. ആകെ അംശദായം -

ബി) ബാങ്ക് അക്കൗണ്ട് വിവരങ്ങൾ

1. സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ -
2. ബാങ്കിന്റെ പേര് -
3. ശാഖ -
4. ഐ.എഫ്.എസ്.സി കോഡ് -

സി) സമർപ്പിക്കുന്ന രേഖകൾ

1. അംഗത്വ സർട്ടിഫിക്കറ്റ്. -
2. വയസ്സ് തെളിയിക്കുന്ന രേഖ -
3. അംശദായം അടച്ച പാസ്സ്ബുക്ക് /സ്റ്റേറ്റ്മെന്റ് -

### സത്യപ്രസ്താവന

ഞാൻ കേരള കർഷകക്ഷേമ നിധി ബോർഡിൽ അംഗമായിട്ടുള്ളതും തുടർച്ചയായി അംഗത്വതുക അടച്ചിട്ടുള്ളതുമാണ്.

എനിക്ക് 60 വയസ്സ് പൂർത്തിയായ . . . . . . . . തീയതി മുതൽ അർഹമായ പെൻഷൻ അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

സ്ഥലം
തീയതി

അപേക്ഷകന്റെ ഒപ്പ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ഫാറം XIII
## കേരള കർഷക ക്ഷേമനിധി
## ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ
[ ചട്ടം 5 കാണുക ]

എ) വ്യക്തിഗത വിവരങ്ങൾ (അംഗത്തിന്റെ)
1. പേര് -
2. മേൽവിലാസം -
3. അംഗത്വ നമ്പർ -
4. ആദ്യത്തെ അംശദായം അടച്ച തീയതി-
5. അവസാനത്തെ അംശദായം അടച്ച തീയതി-
6. ആകെ അംശദായം

ബി) ബാങ്ക് അക്കൗണ്ട് വിവരങ്ങൾ
1. സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ -
2. ബാങ്കിന്റെ പേര് -
3. ശാഖ -
4. ഐ.എഫ്.എസ്.സി കോഡ് -

സി) <u>ശാരീരിക- മാനസിക അവശത അനുഭവിക്കുന്ന അംഗത്തിന് സാമ്പത്തിക സഹായം</u>
1. അവശതാ വിവരങ്ങൾ -
2.അവശത തെളിയിക്കുന്നതിന് ഗവ. മെഡിക്കൽ ഓഫീസർ നൽകിയ സർട്ടിഫിക്കറ്റ്
   എ. നമ്പർ -
   ബി. തീയതി -
   സി. നൽകിയ ഓഫീസ് -

ഡി) <u>ചികിത്സാ സഹായം</u>
1. ചികിത്സാ രേഖാ വിവരങ്ങൾ -
2. ചികിത്സാ ബില്ലുകൾ -

ഇ) വിദ്യാഭ്യാസ ധനസഹായം
1. മകൻ / മകളുടെ പേര് -
2. ജനന തീയതി -
3. കോഴ്സിന്റെ വിവരങ്ങൾ (കോഴ്സ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് സമർപ്പിക്കണം )
   എ) കോഴ്സിന്റെ പേര് -
   ബി) കോഴ്സ് സർട്ടിഫിക്കറ്റ് നമ്പരും തീയതിയും -
   സി) സ്ഥാപനം -

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എഫ്) വിവാഹ ധനസഹായം

1. വിവാഹിതയാകുന്ന ആളിന്റെ പേര് -
2. അംഗവുമായുള്ള ബന്ധം - (അംഗം / അംഗത്തിന്റെ മകൾ)
3. ജനന തീയതി / വയസ്സ് -
4. വിവാഹ സർട്ടിഫിക്കറ്റ് നമ്പർ
   തീയതി
   നൽകിയ ഓഫീസ് -

(വിവാഹ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സമർപ്പിക്കേണ്ടതാണ്)

5. ആദ്യ വിവാഹമാണോ?

**ജി) അംഗങ്ങൾക്ക് ഉണ്ടാകുന്ന അപകടമരണം, അപകടം മൂലമുണ്ടാകുന്ന അവശതയ്ക്കുള്ള നഷ്ടപരിഹാരം**

1. അപകടം സംഭവിച്ച തീയതി -
2. അപകട കാരണം -
3. മെഡിക്കൽ സർട്ടിഫിക്കറ്റ് (ഗവ. മെഡിക്കൽ ഓഫീസർ നൽകിയ സർട്ടിഫിക്കറ്റ് സമർപ്പിക്കണം.)
   എ. സർട്ടിഫിക്കറ്റ് നമ്പർ -
   ബി. തീയതി -
   സി) നൽകിയ ഓഫീസ് -

**എച്ച്) 25 വർഷം അംശദായം അടച്ചവർക്കുള്ള ഒറ്റത്തവണ ആനുകൂല്യം**

1. അംശദായം ആദ്യം അടച്ച തീയതി -
2. അവസാനം അടച്ച തീയതി -
3. ആകെ അടച്ച തുക -

**ഐ) മരണാനന്തര ആനുകൂല്യം**

1. നോമിനിയായ അപേക്ഷകന്റെ പേരും മേൽവിലാസവും -
2. അംഗവുമായിട്ടുള്ള ബന്ധം -
3. മരണം സംഭവിച്ച തീയതി -
4. മരണ സർട്ടിഫിക്കറ്റ് പകർപ്പ് നൽകണം.
   എ. തീയതി -
   ബി. നമ്പർ -
   സി. ഓഫീസ് -
5. നോമിനിയുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ -
   എ. ബാങ്ക്
   ബി. ശാഖ
   സി. ഐ.എഫ്.എസ്.സി കോഡ്
   ഡി. അക്കൗണ്ട് നമ്പർ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

### സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങൾ സത്യവും എനിക്കുത്തമ വിശ്വാസവുമാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം
തീയതി ഒപ്പ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ഫാറം നം. XIV
## കേരള കർഷക ക്ഷേമനിധി
## കുടുംബ പെൻഷൻ ലഭിക്കുന്നതിനുള്ള അപേക്ഷ

[ ചട്ടം 5 കാണുക ]

എ) വ്യക്തിഗത വിവരങ്ങൾ (അംഗത്തിന്റെ)

1. പേര് -
2. മേൽവിലാസം -
3. അംഗത്വ നമ്പർ -
4. ആദ്യത്തെ അംശദായം അടച്ച തീയതി-
5. അവസാനത്തെ അംശദായം അടച്ച തീയതി -
6. ആകെ അംശദായം

ബി) കുടുംബ പെൻഷൻ അർഹതയുള്ള വ്യക്തിയുടെ വിവരങ്ങൾ

1. പേര് -
2. അംഗവുമായുള്ള ബന്ധം -
3. വയസ്സ് -
4. മേൽവിലാസം -

സി) കുടുംബപെൻഷന് അർഹരായവരുടെ ബാങ്ക് വിവരങ്ങൾ

1. സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം.
2. ബാങ്കിന്റെ പേര്
3. ശാഖ
4. ഐ.എഫ്.എസ്.സി കോഡ്

### സത്യപ്രസ്താവന

മേൽപ്പറഞ്ഞ വിവരങ്ങൾ സത്യവും എനിക്കുത്തമ വിശ്വാസവുമാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം
തീയതി

അവകാശിയുടെ ഒപ്പ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ഫാറം നം. XV
## കേരള കർഷക ക്ഷേമനിധി
## അംഗത്വം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള അപേക്ഷാ ഫാറം

[ ചട്ടം 7(2) കാണുക ]

1. അപേക്ഷകന്റെ പേര് :
2. അംഗത്വ നമ്പർ :
3. അംശദായം അടച്ചതിന്റെ വിവരങ്ങൾ :

| അംശദായ നിരക്ക് | അംശദായം അടച്ചു തുടങ്ങിയ തീയതി | അടച്ച ഗഡുക്കളുടെ എണ്ണം | അവസാന ഗഡു അടച്ച മാസം | അംശദായമായി ആകെ അടച്ച തുക | മുടക്കം വന്ന കാലയളവ് | |
|---|---|---|---|---|---|---|
| | | | | | മാസം | തുക |
| | | | | | | |
| | | | | | | |

4. അംശദായം മുടങ്ങുവാനുണ്ടായ കാരണങ്ങൾ -
5. പലിശ സഹിതം അംശദായം അടയ്ക്കേണ്ട ഗഡുക്കളുടെ എണ്ണം -
6. വാർഷിക പലിശ സഹിതം കുടിശ്ശിക അടയ്ക്കാൻ തയ്യാറാണോ? . . . . . . ആണ്/ അല്ല.
7. വാർഷിക പലിശ ഒഴിവാക്കി പരിഗണിക്കേണ്ടതുണ്ടെങ്കിൽ ആയതിനുള്ള വ്യക്തമായ കാരണങ്ങൾ വിശദീകരിക്കുക?

### സത്യപ്രസ്താവന

മേൽ സൂചിപ്പിച്ച കാരണങ്ങൾ കൊണ്ട് മുടങ്ങിയിരുന്ന എന്റെ അംഗത്വ നമ്പരിലെ കർഷകക്ഷേമ നിധി അംശദായ അടവുമായി ബന്ധപ്പെട്ടു വന്ന കുടിശ്ശിക, വാർഷിക പലിശ സഹിതം പൂർണ്ണമായും അടയ്ക്കാൻ തയ്യാറാണെന്നും / വാർഷിക പലിശ ഒഴിവാക്കി പൂർണ്ണമായും അടയ്ക്കാൻ തയ്യാറാണെന്നും ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു. ആയതിനാൽ അംഗത്വം പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഇതിനാൽ അപേക്ഷിച്ചുകൊള്ളുന്നു.

സ്ഥലം
തീയതി

ഒപ്പ്
അംഗത്തിന്റെ പേര്.

### ഓഫീസ് ഉപയോഗത്തിന്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# ഫാറം നം. XVI
## കേരള കർഷക ക്ഷേമനിധി

. . . . . സാമ്പത്തിക വർഷാവസാനം വ്യാപാരി സമർപ്പിക്കുന്ന വാർഷിക ലാഭ റിട്ടേൺ
[ ചട്ടം 10 (1) കാണുക ]

ഭാഗം എ.

1. റിട്ടേൺ ഫയൽ ചെയ്ത തീയതി. -
2. കർഷകക്ഷേമ നിധി രജിസ്ട്രേഷൻ നമ്പർ (ലഭിച്ചിട്ടുണ്ടെങ്കിൽ) -
3. കർഷക ക്ഷേമ നിധി ബോർഡ് മേഖലാ ഓഫീസ് -

ഭാഗം ബി.

1. വ്യാപാരിയുടെ പേരും വ്യാപാര സ്ഥാപനത്തിന്റെ മേൽവിലാസവും
2. കമ്പനി / വ്യാവസായിക നാമം :
3. കച്ചവട രീതി (വ്യക്തിഗതം/ പങ്കാളിത്തം / കമ്പനി / സംഘം / മുതലായവ)
4. കച്ചവടസ്ഥാപനം സ്ഥിതി ചെയ്യുന്ന
   തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര് -
   (പഞ്ചായത്ത് / മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ)
5. കച്ചവടത്തിൽ നിന്നുള്ള വാർഷിക ലാഭം (രൂപയിൽ)
6. കർഷകക്ഷേമ നിധി ബോർഡിൽ അടയ്ക്കേണ്ട കാർഷിക ഇൻസെന്റീവ് തുക
7. കർഷക ക്ഷേമനിധി ചട്ടം 9 പ്രകാരം ഉള്ളടക്കം ചെയ്തിട്ടുള്ള രേഖകൾ.
   1) മുൻ സാമ്പത്തിക വർഷം ചരക്ക് സേവന നികുതി വകുപ്പിന് സമർപ്പിച്ച റിട്ടേണിന്റെ പകർപ്പ്.
   2) ആദായ നികുതി വകുപ്പിന് സമർപ്പിച്ച റിട്ടേണിന്റെ പകർപ്പ്.
   3) ചാർട്ടേർഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്യേണ്ട സ്ഥാപനങ്ങളിൽ പ്രസ്തുത ഓഡിറ്റ് സ്റ്റേറ്റ്മെന്റ് അങ്ങനെയല്ലെങ്കിൽ സ്വയം സാക്ഷ്യപ്പെടുത്തിയ ബാലൻസ് ഷീറ്റ്.

### സത്യപ്രസ്താവന

ഞാൻ . . . . . . . . . . . . വയസ്സ് . . . . .(S/o / D/o. . . . . . . . . . . . . . . . . . . )
റിട്ടേണിലും അതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള . . . . . . വർഷത്തെ സംബന്ധിച്ച രേഖകളിലും അടങ്ങിയിട്ടുള്ള വിവരങ്ങൾ എന്റെ അറിവിലും വിശ്വാസത്തിലും പൂർണ്ണമായും ശരിയാണെന്നും, സത്യമാണെന്നും, 2020 -ലെ കേരള കർഷകക്ഷേമ നിധി ചട്ടങ്ങൾ അനുശാസിക്കും വിധമാണെന്നും ഇതിനാൽ സത്യപ്രസ്താവന ചെയ്തുകൊള്ളുന്നു.

സ്ഥലം                                                                                                    ഒപ്പ്
തീയതി                                                                                    വ്യാപാരിയുടെ പേര്

---

ഓഫീസ് ഉപയോഗത്തിന്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ഫാറം നം. XVII**

**കേരള കർഷക ക്ഷേമനിധി ബോർഡ്**

**തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലോ, SEZ-ലെ വ്യാപാരസ്ഥാപനത്തിന് ലൈസൻസ് പുതുക്കുന്നതിന് സമർപ്പിക്കേണ്ട കേരള കർഷകക്ഷേമ നിധി ബോർഡിൽ നിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ്.**

[ ചട്ടം 10 (8) കാണുക ]

1. വ്യാപാരിയുടെ പേരും മേൽവിലാസവും :
2. കേരള കർഷകക്ഷേമ നിധി ബോർഡിന്റെ രജിസ്ട്രേഷൻ നമ്പർ -

മേൽ പരാമർശിച്ചിരിക്കുന്ന വ്യാപാരി 2020- ലെ കേരള കർഷകക്ഷേമ നിധി ചട്ടങ്ങളിലെ 10-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടമനുസ്സരിച്ച് റിട്ടേൺ സമർപ്പിച്ചിട്ടുള്ളതും ടിയാന് നിലവിൽ കാർഷിക ഇൻസന്റീവ് കുടിശ്ശിക ഇല്ലാത്തതുമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പും
ഔദ്യോഗിക മേൽവിലാസവും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## ഫാറം നം. XVIII

## കേരള കർഷക ക്ഷേമനിധി

## കേരള കർഷകക്ഷേമ നിധി സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ

[ ചട്ടം 11 കാണുക ]

| തീയതി | എവിടെ നിന്നു ലഭിച്ചു | ആർക്ക് നൽകി | സ്റ്റാമ്പിന്റെ മൂല്യം | ലഭിച്ചത് | | വിതരണം ചെയ്തത് | | ബാക്കി | |
|---|---|---|---|---|---|---|---|---|---|
| | | | | എണ്ണം | തുക | എണ്ണം | തുക | എണ്ണം | തുക |
| | | | | | | | | | |

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date 2021.02.26 09:36:25 +05

170/2024.

അനുബന്ധം II

©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2022 ജനുവരി 25<br>25th January 2022<br>1197 മകരം 11<br>11th Makaram 1197<br>1943 മാഘം 5<br>5th Magha 1943 | നമ്പർ<br>No. | 299 |


**കേരള സർക്കാർ**

കൃഷി(ആസൂത്രണം-ബി) വകുപ്പ്

വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 4/2022/കൃഷി

തിരുവനന്തപുരം, 2022 ജനുവരി 18

1197 മകരം 5.

എസ്. ആർ. ഒ. നമ്പർ 88/2022

2019- ലെ കേരള കർഷക ക്ഷേമനിധി ആക്റ്റിലെ (2019-ലെ 26-ാം ആക്റ്റ്) 28-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കൊണ്ട് കേരള സർക്കാർ 2021 ഫെബ്രുവരി 26-ാം തിയതിയിലെ സ.ഉ. (അച്ചടി) നമ്പർ 4/2021/കൃഷി ആയി പുറപ്പെടുവിച്ചതും 2021 ഫെബ്രുവരി 26-ാം തിയതിയിലെ 1011-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 273/2021 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ച 2021-ലെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കേരള കർഷക ക്ഷേമനിധി ചട്ടങ്ങളിലെ 1-ാം ചട്ടം (2)-ാം ഉപചട്ടത്തിലെ വ്യവസ്ഥ പ്രകാരം 2019-ലെ കേരള കർഷക ക്ഷേമനിധി ആക്ട് നിലവിൽ വന്ന തീയതിയായ 2019 ഡിസംബർ 20 മുതൽ പ്രസ്തുത ചട്ടങ്ങൾക്ക് മുൻകാല പ്രാബല്യം നൽകി ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന തീയതിയായി ഇതിനാൽ നിശ്ചയിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം

**പി.എം. അലി അസ്ഗർ പാഷ, ഐ.എ.എസ് .,**
*ഗവണ്മെന്റ് സെക്രട്ടറി.*

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് )

2019 ലെ കേരള കർഷക ക്ഷേമനിധി ആക്ടിലെ (2019-ലെ 26-ാം ആക്ട്) 28-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ 2021 ഫെബ്രുവരി 26-ാം തീയതിയിലെ സ.ഉ: (അച്ചടി) നമ്പർ 4/2021/കൃഷി ആയി പുറപ്പെടുവിച്ചതും 2021 ഫെബ്രുവരി 26-ാം തീയതിയിലെ 1011-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 273/2021 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം 2021 ലെ കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ 1-ാം ചട്ടം (2)-ാം ഉപചട്ടത്തിലെ വ്യവസ്ഥ പ്രകാരം 2019-ലെ കേരള കർഷക ക്ഷേമനിധി ആക്ട് നിലവിൽ വന്ന തീയതിയായ 2019 ഡിസംബർ 20 മുതൽ പ്രസ്തുത ചട്ടങ്ങൾക്ക് മുൻകാല പ്രാബല്യം നൽകാൻ സർക്കാർ തീരുമാനിച്ചു.

മേൽപറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2022.01.25 05:18:53 +05:30

അനുബന്ധം III

© കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2020 ഒക്ടോബർ 14<br>14th October 2020<br>1196 കന്നി 28<br>28th Kanni 1196<br>1942 ആശ്വിനം 22<br>22nd Aswina 1942 | നമ്പർ<br>No. 2422 |

### കേരള സർക്കാർ

കൃഷി (പിബി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (പി) നമ്പർ 19/2020/കൃഷി. തിരുവനന്തപുരം, *2020 ഒക്ടോബർ 13*
*1196 കന്നി 27*
*1942 ആശ്വിനം 21.*

എസ്. ആർ. ഒ. നമ്പർ 708/2020

2019-ലെ കേരള കർഷക ക്ഷേമനിധി ആക്ടിലെ (2019-ലെ 26) 11-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ താഴെ പട്ടികയിൽ പറയുന്ന ചെയർമാനെയും ഡയറക്ടർമാരെയും ഉൾപ്പെടുത്തിക്കൊണ്ട് കേരള കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ട് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു, അതായത്:

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in

പട്ടിക

| ക്രമ നമ്പർ | | അംഗങ്ങൾ |
|---|---|---|
| 1 | | ഡോ. പി. രാജേന്ദ്രൻ, TC 76/1935, MNRA 197A, അമ്മു, ആനയറ പി. ഒ. തിരുവനന്തപുരം—ചെയർമാൻ |
| 2 | | കാർഷികോത്പാദന കമ്മിഷണർ—ഡയറക്ടർ |
| 3 | | സെക്രട്ടറി, കൃഷിവകുപ്പ്—ഡയറക്ടർ |
| 4 | | ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്—ഡയറക്ടർ |
| 5 | | ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്—ഡയറക്ടർ |
| 6 | | ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ—ഡയറക്ടർ |
| 7 | | നിയമ വകുപ്പിലെ ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ—ഡയറക്ടർ |
| 8 | | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം—ഡയറക്ടർ |
| 9 | | ഡോ. പി. ഇന്ദിരാദേവി (കാർഷിക മേഖലയിൽ നിന്നുള്ള വിദഗ്ധ) 21, പ്രണവം, ത്രിവേണി ഗാർഡൻസ്, പൂത്തോൾ, തൃശ്ശൂർ, 680 004—ഡയറക്ടർ |
| 10 | (i) | അജിത സാബു (വനിത), കൊരട്ടിത്തടത്തിൽ, പേരൂർ പി. ഒ., കോട്ടയം-686 637—ഡയറക്ടർ |
| | (ii) | അഡ്വ. എസ്. കെ. പ്രീജ (വനിത), പുല്ലുവിളാകത്ത്, പള്ളിച്ചൽ സദാശിവൻ റോഡ്, പ്രാവച്ചമ്പലം, തിരുവനന്തപുരം—ഡയറക്ടർ |
| | (iii) | ഡി. രവി (പട്ടികജാതി), ദാസ് നിവാസ്, മട്ടത്തുകാട്, വട്ടലക്കി അഗളി, പാലക്കാട് 82—ഡയറക്ടർ |
| | (iv) | എ. ഒ. ഗോപാലൻ (പട്ടികവർഗ്ഗം), അറവനാഴി വീട്, വാകേരി പി. ഒ., സുൽത്താൻ ബത്തേരി, വയനാട്-673 592—ഡയറക്ടർ |
| | (v) | ബി. എ. അഷറഫ്, യുവ കർഷകൻ, ഷാഫി ബയോടെക്, പൂക്കാട്ട്പടി, എടത്തല പി. ഒ., എറണാകുളം ജില്ല—ഡയറക്ടർ |
| | (vi) | അഡ്വ. ജോയിക്കുട്ടി ജോസ് (നെൽകർഷകൻ), ഇല്ലിക്കൽ, പേരാമ്പ്ര പി. ഒ., കുട്ടനാട്, ആലപ്പുഴ—ഡയറക്ടർ |
| | (vii) | മാത്യു വർഗ്ഗീസ് (ജനറൽ വിഭാഗം), വേങ്ങാപള്ളിൽ, കാളിയാർ പി. ഒ., ഇടുക്കി—ഡയറക്ടർ |
| | (viii) | കെ. വി. വസന്തകുമാർ (ജനറൽ വിഭാഗം), കുറ്റുകുരുത്തിൽ വീട്, പാറപ്പുറം, കുട്ടൂർ പി. ഒ., തൃശൂർ—ഡയറക്ടർ |

This is a digitally signed Gazette
Authenticity may be verified through https://compose.kerala.gov.in

| ക്രമ നമ്പർ | അംഗങ്ങൾ |
|---|---|
| (ix) | അഡ്വ. സി. എച്ച്. കുഞ്ഞമ്പു (ജനറൽ വിഭാഗം), ശ്രുതി നിലയം, വിദ്യാനഗർ പി. ഒ., കാസർഗോഡ്—ഡയറക്ടർ |
| (x) | ലാൽ വർഗീസ് കല്പകവാടി (ജനറൽ വിഭാഗം), ഹൗസ് നമ്പർ 13/619, കല്പകവാടി, തോട്ടപ്പള്ളി പി. ഒ., ആലപ്പുഴ—ഡയറക്ടർ |
| (xi) | കെ. ജി. ഹരികുമാർ (ജനറൽ വിഭാഗം), പ്രിയം, കറ്റാനം, പള്ളിക്കൽ പി. ഒ., കായംകുളം-690 503—ഡയറക്ടർ |
| (xii) | ജോസ് കുറ്റ്യാനിമറ്റം (ജനറൽ വിഭാഗം), പാലാ, പാലാ പി. ഒ., കോട്ടയം-686 575—ഡയറക്ടർ |
| (xiii) | അബ്ദുൾ അസീസ്. കെ. എ. (ജനറൽ വിഭാഗം), ചൗക്കികുന്നിൽ, കുഡ്‌ലു പി. ഒ., കാസർഗോഡ്-671 124—ഡയറക്ടർ |
| (xiv) | ജോസ് ചെമ്പേരി (ജനറൽ വിഭാഗം), പുളിക്കൽ ഹൗസ്, ചെമ്പേരി പി. ഒ., കണ്ണൂർ-670 632—ഡയറക്ടർ |
| 11 | ശ്രീ. സുബ്രഹ്മണ്യൻ IIS, ഡയറക്ടർ, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്—മെമ്പർ സെക്രട്ടറി (ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധിക ചുമതല). |

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. രത്തൻ യു. കേൽക്കർ,

*സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2019-ലെ കേരള കർഷക ക്ഷേമനിധി ആക്ട് (2019-ലെ 26) 2019 ഡിസംബർ 20-ന് പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. ആക്ടിന്റെ 11-ാം വകുപ്പ് പ്രകാരം കർഷക ക്ഷേമനിധിയുടെ ഭരണ നിർവ്വഹണത്തിനും നടത്തിപ്പിനും, നിധിയിൽ നിന്നും ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും അവ നിർവ്വഹിക്കുന്നതിനും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്നതിനുംവേണ്ടി (3), (4) ഉപവകുപ്പുകൾ പ്രകാരം ബോർഡിന്റെ ചെയർമാനെയും മറ്റ് ഡയറക്ടർമാരെയും ഉൾപ്പെടുത്തിക്കൊണ്ട് ബോർഡ് രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette
Authenticity may be verified at https://www.egazette.kerala.gov.in

അനുബന്ധം IV

©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2022 മാർച്ച് 26<br>26th March 2022<br>1197 മീനം 12<br>12th Meenam 1197<br>1944 ചൈത്രം 5<br>5th Chaithra 1944 | നമ്പർ<br>No. | 1028 |


### കേരള സർക്കാർ

**കൃഷി (ആസൂത്രണം–ബി) വകുപ്പ്**

### വിജ്ഞാപനം

**സ.ഉ.(അച്ചടി) നമ്പർ 8/2022/കൃഷി**

*തിരുവനന്തപുരം, 2022 മാർച്ച് 25*
*1197 മീനം 11*

**എസ്. ആർ. ഒ. നമ്പർ 294/2022**

2019 ലെ കേരള കർഷക ക്ഷേമനിധി ആക്ടിലെ (2019 –ലെ 26–ാം ആക്ട്) 11–ാം വകുപ്പ് (1) -ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച് കൊണ്ട് കേരള സർക്കാർ, 2020 ഒക്ടോബർ 13–ാം തീയതിയിലെ സ.ഉ.(അച്ചടി) 19/2020/കൃഷി ആയി പുറപ്പെടുവിച്ചതും, 2020 ഒക്ടോബർ 14–ാം തീയതിയിലെ 2422–ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 708/2020 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം രൂപീകരിക്കപ്പെട്ട കേരള കർഷക ക്ഷേമനിധി ബോർഡിൽ ഡയറക്ടർമാരായ ശ്രീമതി. അജിത സാബു (വനിത), കൊരട്ടിത്തടത്തിൽ, പേരൂർ പി.ഒ, കോട്ടയം, അഡ്വ. സി.എച്ച് കുഞ്ഞമ്പു (ജനറൽ വിഭാഗം), ശ്രുതി നിലയം, വിദ്യാനഗർ പി.ഒ, കാസർഗോഡ് എന്നിവർക്ക പകരം യഥാക്രമം ശ്രീമതി. രാജി സക്കറിയ, ശ്രീ. വി.എം. ഷൗക്കത്ത്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത വിജ്ഞാപനം താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത് :-

**ഭേദഗതി**

പ്രസ്തുത വിജ്ഞാപനത്തിന്റെ പട്ടികയിൽ "അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ, 10(i), 10(ix) എന്നി ക്രമനമ്പരുകൾക്കും അവയ്ക്കുനേരെയുള്ള ഉൾക്കുറിപ്പുകൾക്കും പകരം താഴെപറയുന്ന ക്രമനമ്പരുകളും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്. അതായത് :-

"(i) ശ്രീമതി . രാഖി സക്കറിയ (വനിത)
ആയിരം തൈക്കൽ ഹൗസ്,
9 B സ്റ്റൈലൈൻ പ്ലാസ,
കഞ്ഞിക്കുഴി, മുട്ടമ്പലം പി. ഒ
കോട്ടയം - 686 004

(ix) ശ്രീ. വി.എം. ഷൗക്കത്ത് (ജനറൽ വിഭാഗം),
ഉരംകളം, മഞ്ചേരി,
മലപ്പുറം - 676 123 "

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പി.എം. അലി അസ്ഗർ പാഷ ഐ.എ.എസ്**
ഗവൺമെന്റ് സെക്രട്ടറി

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2019-ലെ കേരള കർഷക ക്ഷേമനിധി ആക്റ്റിലെ (2019 -ലെ 26-ാം ആക്റ്റ്) 11-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ച് കൊണ്ട് കേരള സർക്കാർ, 2020 ഒക്ടോബർ 13-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 19/2020/കൃഷി ആയി പുറപ്പെടുവിച്ചതും, 2020 ഒക്ടോബർ 14-ാം തീയതിയിലെ 2422-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 708/2020 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം രൂപീകരിക്കപ്പെട്ട കേരള കർഷക ക്ഷേമനിധി ബോർഡിൽ നിന്നും ശ്രീമതി. അജിത സാബു, അഡ്വ. സി.എച്ച് കുഞ്ഞമ്പു എന്നിവർ രാജിവച്ചതിനാൽ പകരം യഥാക്രമം ശ്രീമതി. രാഖി സക്കറിയ, ശ്രീ. വി.എം. ഷൗക്കത്ത് എന്നിവരെ ഉൾപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

Digitally signed by Selim A
Date:2022.03.26 05:59:37 +05:30

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/